## ഇടയലേഖനം

## കെ. സി. ബി.സി. മദ്യവിരുദ്ധ ദിനം

മിശിഹായിൽ പ്രിയരേ,

മുമ്പത്തേക്കാളേറെ തീക്ഷ്ണതയോടും തീവ്രതയോടുമുള്ള മദ്യവിരുദ്ധപ്രവർത്തനങ്ങളുടെ ആവശ്യം ശക്തമായി വന്നിരിക്കുന്നു. 29 രൂപതകളിലായി പ്രവർത്തിക്കുന്ന കേരള കത്തോലിക്കാ സഭയ്ക്കാണ് ഈ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏറ്റം ഫലപ്രദമായ നേതൃത്വം നൽകാൻ കഴിയുന്നത്. മദ്യത്തിനെതിരായ ബോധവൽക്കരണം സാങ്കേതികമായും ശാസ്ത്രീയമായും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനം ഇന്നു സഭയ്ക്കുണ്ട്. കാര്യക്ഷമമായി ഇതുപയോഗിക്കണം. 29 രൂപതകളിലും കെ.സി.ബി.സി.യുടേതായ രൂപതാ സമിതികളുണ്ട്. അവയുടെ ശാഖകൾ പ്രാദേശികസമിതികളായി ഓരോ ഇടവകയിലും പ്രവർത്തിക്കാവുന്ന സംവിധാനം നമുക്കുണ്ട്. അതോടൊപ്പം വിവിധ രൂപത കളുടെ നേതൃത്വത്തിലും അല്ലാതെയും മദ്യമുൾപ്പടെ ലഹരിവസ്തുക്കൾക്കടിപ്പെട്ടവർക്ക് 24 ചികിത്സ കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. അനവധി ധ്യാന, ബോധവൽക്കരണ കേന്ദ്രങ്ങളുണ്ട്. ഇവിടങ്ങളിൽ ലഹരി ക്കടിപ്പെട്ടവരെ കൊണ്ടുചെന്നാക്കാനും, ഇടവകാ രൂപതാ സമിതികൾക്ക് കഴിയും. മദ്യസക്തി എന്ന വലിയ രോഗത്തിനടിപ്പെട്ടവർക്ക്, പുന:പതന സാധ്യതയുണ്ട്. അതു രോഗത്തിന്റെ ഭാഗമാണ്. അതിൽ ആശ്ചര്യപ്പെടേണ്ട. ചികിത്സ തുടരുക തന്നെ.

ഇനിയും സഭയുടേയും സഭാംഗങ്ങളുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ട പ്രധാന മേഖലയാണ്. മദ്യമുൾപ്പടെ എല്ലാ ലഹരിവസ്തുക്കളുടേയും ലഭ്യത കുറയ്ക്കുക എന്നത്. ലഭ്യത കുറഞ്ഞാൽ ഉപയോഗം കുറയു മെന്നത് ഒരനിഷേധ്യ തത്വമാണ്. അതുപോലെതന്നെ ഉപയോഗം കുറച്ചാൽ ലഭ്യതയും കുറയുമെന്ന വാദവും ചിലർ ഉന്നയിച്ചേക്കും. രണ്ടു വഴിയ്ക്ക് ചിന്തിച്ചാലും ഫലം ഒന്നു തന്നെ. അതുകൊണ്ട്, മദ്യമുൾപ്പടെയുള്ള ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്ന ഘടങ്ങളിലേയ്ക്ക് അല്പമൊന്നു കടക്കാം.

ഭാരതത്തിൽ 15-ാം നൂറ്റാണ്ടിലാണ് ചൈനയിൽ നിന്നും പുകയില കടന്നു വന്നത്. 16-ാം നൂറ്റാണ്ടിൽ ഈസ്റ്റ് ഇന്ത്യാകമ്പനി വഴിയാണ് മദ്യം സുലഭമായി നമ്മുടെ മണ്ണിൽ പ്രവേശിച്ചത്. വിദേശമദ്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന മദ്യം നാട്ടിൽ സുലഭമാക്കിയപ്പോൾ,





വിദേശശ്രേഷ്ഠരോട് ഒപ്പം നില്ക്കുന്നതിന് സമൂഹത്തിലെ പ്രധാനികൾ മദ്യമുപയോഗിച്ചു തുടങ്ങി. ഇതിനെ അനുകരിച്ച് വളരെവേഗം മദ്യപാനം സാധാരണ ജനങ്ങളിലും വ്യാപകമായി. ഇങ്ങനെ സമൂഹത്തിൽ വ്യാപകമായ മദ്യവില്പനയ്ക്ക്, പണം വാങ്ങി ലൈസൻസുകൊടുക്കുന്ന സമ്പ്രദായം (അബ്കാരി നയം) ഉണ്ടായി. സ്വാതന്ത്ര്യസമരം ശക്തമായതോടെ, മദ്യപാനം ഒരു വിഘ്നമായി കണ്ട സമരനേതാക്കൾ മദ്യനിരോധനത്തിന് മുറവിളികൂടി, ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആസ്ഥാനമായ ഇംഗ്ലണ്ടിലെ രാജ്ഞിയുടെ പക്കൽ നിവേദനവുമായി സമരനേതാക്കൾ പുറപ്പെട്ടു. പക്ഷേ, ഇന്നു പരക്കെ പറയും പോലെ, മദ്യവ്യാപാരത്തിലെ സാമ്പത്തിക വരുമാനം കണക്കിലെടുത്ത് അത് നിർത്തലാക്കാൻ കമ്പനിയോ, ബ്രിട്ടീഷ് സർക്കാരോ സന്നദ്ധമായില്ല. പകരം നാട്ടിലെ വ്യവസായികളുടെ വരുമാനക്കുറവു പരിഹരിക്കാൻ, എല്ലാ വ്യാപാരങ്ങളിലും ഒരു ശതമാനം ടാക്സ് ഏർപ്പെടുത്തി. ഇങ്ങനെയാണ്, മദ്യവ്യവസായത്തിൽ സർക്കാർ കൈകടത്തി പിടിമുറുക്കി ഇന്നത്തെ ദുരവസ്ഥയുണ്ടായത്. ബ്രിട്ടീഷുകാരുടെ മദ്യനയത്തോടു സ്വാതന്ത്ര്യസമരസേനാനികൾക്ക് കടുത്ത എതിർപ്പുണ്ടായി. അനേകം മദ്യഷാപ്പുകളുടെ മുമ്പിൽ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ തന്നെ സമരങ്ങൾ രൂപപെട്ട്, അവപൂട്ടിക്കുകയുണ്ടായി. 1921ലെ കൽക്കത്താ സമ്മേളനത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയമായിഅംഗീകരിച്ചു പോരാട്ടം ശക്തിപ്പെടുത്തിപോന്നു. മദ്യനിരോധനം ഇന്ത്യൻ ജനതയ്ക്ക് അന്യമല്ലെന്ന് കാണിക്കാൻ അല്പം ചരിത്രം അവതരിപ്പിച്ചുവെന്നുമാത്രം.

പിന്നാലെ ഭരണത്തിൽ വന്ന ഇന്ത്യൻ നേതാക്കൾ ഘട്ടങ്ങളായിട്ടെങ്കിലും, എല്ലാ സംസ്ഥാനങ്ങളിലും മദ്യം നിരോധിക്കാൻ ശ്രമം നടത്തണമെന്ന ആശയം 47-ാമത്തെ വകുപ്പായി ഭരണഘടനയിൽ എഴുതിച്ചേർത്തു. ഇതിന്റെ ചുവടുപിടിച്ച്, മദ്യവ്യവസായത്തിൽ പാലിക്കേണ്ട പല നയങ്ങളെക്കുറിച്ച്, സുപ്രീം കോടതി, പല നിർദ്ദേശങ്ങളും നിയമങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഘടനയിലെ ആർട്ടിക്കിൾ 51A യുടെ അടിസ്ഥാനത്തിൽ, ദാരിദ്ര്യത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ഏതു സ്ഥാനങ്ങളിലിരുന്നാലും, ആരുടേയും അവകാശമല്ലെന്നും, 1975ൽ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുവിന്റെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും പ്രസ്ഥാവിച്ചിട്ടുണ്ട്. ഒപ്പം ചേർന്നു പോകുന്ന ഒരു ചിന്തയാണ്, മരുന്നിനൊഴികെ മദ്യം വാങ്ങനോ വില്ക്കാനോ, ആർക്കും ധാർമികാവകാശമോ, നിയമാനുമതിയോ ഇല്ല എന്നത്. കാരണം ആരോഗ്യത്തിന് ഹാനികരവും, കുറ്റകൃത്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായ മദ്യപത്തിലെ മുഖ്യചേരുവ ആൽക്കഹോളാണ്. ഇതു തലച്ചോറിന്റേതു മുതൽ ശരീരത്തിലെ എല്ലാ പ്രധാന അവയവങ്ങളുടെ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നു. മദ്യപിക്കുന്നവന്റെ മനഃസ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ചിന്താശേഷി കുറയുന്നു. ബ്രേക്ക് നഷ്ടപ്പെട്ട വാഹനം പോലെ എന്തെല്ലാം വിനാശങ്ങളാണ് മദ്യപർ വിതയ്ക്കുന്നത്. സ്വയം നശിക്കുകയും ചെയ്യുന്നു. തന്റെ കുടുംബാംഗങ്ങളെ ക്രൂരമായി വേദനിപ്പിച്ചു നശിപ്പിക്കുകയും ചെയ്യുന്നു. ഏതാനും ചില മദ്യപരായ കൂട്ടുകാരൊഴികെ മറ്റു സുഹൃത്തുക്കളില്ല. കഠിനമായ ഏകാന്തതയും, ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലുമാണ് അയാൾ അനുഭവിക്കുന്നത്. ഈ അനുഭവം അസഹ്യമാകുമ്പോൾ, കൂടുതൽ കുടിക്കുകയോ മറ്റു ലഹരി വസ്തുക്കൾ ഉപയോഗിക്കുകയോ ചെയ്യുന്നു. അപകടകരമായ ഈ വർദ്ധന ആത്മഹത്യാ ശ്രമം വരെ എത്തിക്കുന്നു. ഇന്ത്യൻ ശിക്ഷാ നിയമത്തിലും, പാർട്ട്നർഷിപ്പ് സംബന്ധമായ ഉടമ്പടികളിലും മദ്യലഹരിയിൽ നടത്തുന്ന ഇടപെടലുകൾ അതിനെ അസാധുവാക്കുന്നു.

മദ്യപാനം നിയമലംഘനത്തിനും കൊടുംപാതകങ്ങൾക്കും പ്രേരിപ്പിക്കുന്നു. കൊലപാതകത്തിനും മറ്റും ഒരുമ്പെട്ടു പോകുന്നവർ, അമിതമായി മദ്യപിച്ചിട്ടാണ് പോകുന്നത്. സംസ്ഥാനത്തെ ജയിലുകളിൽ ശുശ്രൂഷ ചെയ്യുന്നവർ എടുത്തുപറയുന്ന ഒരു സത്യമാണിത്. അവിടെ കിടക്കുന്നവരിൽ മഹാഭൂരിപക്ഷവും കുറ്റം ചെയ്തത് മദ്യലഹരിയിലാണ്. ഇത് അവർക്ക് നിയമലംഘനം എളുപ്പമാക്കുന്നു. വാഹനാപകടങ്ങളിൽ നല്ലപങ്കും മദ്യലഹരിക്കടിപ്പെട്ടവരുടെ ശ്രദ്ധകുറവുകൊണ്ടാണ്. ലൈംഗിക കുറ്റങ്ങളുടേയും പിന്നിലും മദ്യപാനം ശക്തമായ ഹേതുവാകുന്നു. കുപ്രസിദ്ധമായ സൂര്യനെല്ലി കേസ്സിലെ 35 ആരോപിതരും മദ്യലഹരിയിലായിരുന്നത്രേ! മദ്യപാനം ക്രമസമാധാനം നശിപ്പിക്കുമെന്നതും വ്യക്തിസ്വാതന്ത്ര്യം





ഹനിക്കുമെന്നതും തെളിയിക്കുംവിധമാണ് തിരഞ്ഞെടുപ്പിന് മുമ്പുള്ള ദിവസങ്ങളിൽ മദ്യവിതരണ നിരോധനം പ്രഖ്യാപിക്കുന്നത്.

1937ൽ മലബാറിലും, 47, 48 കളിൽ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിലും മദ്യനിരോധനം നടപ്പാക്കിയിരുന്നു. 1950ലും 60ലും ഭേദഗതി വരുത്തിയതും 67 വരെ തുടർന്നതുമായ മദ്യനിരോധനം ഇ.എം.എസ്. സർക്കാർ പിൻവലിച്ചു. (28.4.67ൽ) പിൻകാലങ്ങളിലേക്കാൾ അമിതമായ അനുപാതത്തിലാണ് കുറ്റകൃത്യങ്ങളും റോഡപകടങ്ങളും പെരുകിയത്. എന്നാൽ ചാരായം നിരോധിച്ച 96 ഏപ്രിൽ മുതൽ 6 മാസത്തേയ്ക്കങ്കിലും ഇതു ശ്രദ്ധേയമാം വിധം ചുരുങ്ങുകയുണ്ടായി. പിന്നീടങ്ങോട്ടു മദ്യദുരന്തങ്ങളുടെ കുത്തൊഴുക്ക് തന്നെയായിരുന്നു.

ഔഷധാവശ്യത്തിനല്ലാതെ, മദ്യത്തിന്റെ ഉൽപാദനം, വിപണനം, വിതരണം, ഉപയോഗം എന്നിവയെല്ലാം മുടക്കും വിധം, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും നിയമമുണ്ടാക്കണമെന്നാണ് സംസ്ഥാന സർക്കാർ നിർമിക്കേണ്ട നിയമ ലിസ്റ്റ് രണ്ടാം ഭാഗത്ത് നിർദ്ദേശിച്ചിരിക്കുന്നത്. ലഹരിപിടിക്കുന്നതും ആരോഗ്യത്തിന് ഹാനികരവുമായ എല്ലാ വസ്തുക്കളുടെയും നിർമാണം, വിതരണം, കൈവശം വയ്ക്കൽ, വിപണനം തുടങ്ങിയവയെല്ലാം ഭരണഘടനയുടെ 47-ാം വകുപ്പിലെ നിർദ്ദേശത്തിന് വിപരീതമാണ്. ഈ നിർദ്ദേശവും കൂടി വായിക്കുമ്പോൾ, മരുന്നിനല്ലാതെ, മറ്റൊന്നിനും മദ്യമുൾപ്പടെ ഒരു ലഹരി പദാർത്ഥങ്ങളുമുണ്ടാക്കാൻ അനുവദിക്കുകയോ, അതിൽ നിന്ന്, ആദായ വിഹിതം പറ്റാനോ, സർക്കാരിന് പോലും പാടില്ലാത്തതാണ്. എക്സൈസ് ഡ്യൂട്ടിയല്ലാതെ യാതൊരു വരുമാനവുമുണ്ടാക്കാൻ പാടില്ല. അടുത്ത കാലങ്ങളിൽ, മദ്യവ്യാപാരത്തിൽ നിന്ന് 4000 കോടിയോളം രൂപ സർക്കാരിന് വരുമാനമുണ്ടെന്നും അതു നിർത്തലാക്കാനോ കുറയ്ക്കാനോ പറ്റില്ലെന്നും ശഠിക്കുന്ന വാദമുഖം ശക്തമായി ഉയർന്നു. ഇതു സർക്കാരിന്റെ മൊത്ത റവന്യൂവിൽ 10% ത്തിന് മേലല്ല എന്നത് സർക്കാരിന്റെ തന്നെ വെബ്സൈറ്റ് പരിശോധിച്ചാലറിയാം. കൂടാതെ, ഈ 4000 കോടി സർക്കാർ ഖജനാവിലേക്ക് വരാൻ 15 ലക്ഷത്തോളം മദ്യപാനരോഗികളുടെ കുടുംബങ്ങൾ നരകതുല്യമാകേണ്ടിവരുന്നു. 50 മുതൽ 70 ലക്ഷം വരെ വരുന്ന മിതമദ്യപരുടെ കാര്യം കൂടി കണക്കിലെടുത്താൽ നമ്മുടെ സമൂഹത്തിന് സംഭവിക്കുന്നത് വ്യക്തമാകും. ഇതിനും പുറമേ

വ്യാപകമായ മദ്യപാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കോടതിയിലും, പോലീസിലും ആശുപത്രികളിലുമായി ചിലവാക്കേണ്ട തുക എത്രയോ ഭീമം. കേന്ദ്രആരോഗ്യമന്ത്രിയുടെ ഒരു പ്രസ്താവന പത്രങ്ങളിൽ കണ്ടത് ഓർമ്മിക്കുന്നു. മദ്യവ്യാപരത്തിൽ നിന്ന് 21 ആയിരം കോടിയോളം രൂപ ലാഭിക്കുമ്പോൾ അതുമൂലമുണ്ടാകുന്ന നാശപരിഹാരത്തിനായി 24 ആയിരം കോടിയിൽ പരം രൂപ ചെലവാക്കേണ്ടിവരുന്നുവത്രേ.

ഇത്തരുണത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ലക്ഷ്യം ഓർമിക്കാം. കേരളത്തിൽ മദ്യവിമുക്ത സമൂഹം രൂപപ്പെടുത്തുക. അതിന് ഏറ്റം ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത്, കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യസേവനം, ഭവന നിർമാണം, അനാഥ സംരക്ഷണം തുടങ്ങി എത്രയോ മേഖലകളിലാണ്, സഭ ഫലപ്രദമായി പ്രവർത്തിക്കുന്നത്? അതുപോലെ, സംസ്ഥാനത്തെ ജാതി മത ഭേദമെന്യേ വിശാലസമൂഹത്തിൽ ഏറെ ആഴ്ന്നിറങ്ങി നാശം വിതയ്ക്കുന്ന മദ്യമുൾപ്പടെയുള്ള ലഹരി ഉപയോഗത്തിനെതിരെ ഫലപ്രദമായി പ്രവർത്തിക്കാനും സഭയ്ക്ക് കഴിയും. മദ്യവിമുക്ത ത്രിമാന ലഘൂകരണമെന്ന പദ്ധതി ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. മദ്യപരുടെ എണ്ണം കുറയ്ക്കുക, മദ്യപാന സന്ദർഭങ്ങൾ കുറയ്ക്കുക. ഇതാണ് ആവശ്യകതാ ലഘൂകരണം (demand reduction)
2. മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുന്ന അപകട ലഘൂകരണം (risk reduction)
3. ലഭ്യത കുറയ്ക്കും വിധം സമൂഹത്തിലും സർക്കാരിലും സമ്മർദ്ദം ചെലുത്തുന്ന ലഭ്യതാ ലഘൂകരണം (supply reduction)

ഈ ത്രിമാന പ്രവർത്തനങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വരുടെയും പിൻതുണയും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ,
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

**ജനുവരി 25-ാം തിയ്യതിയാണ്** മദ്യവിരുദ്ധ ഞായർ. ഈ ഇടയലേഖനം അന്ന് വായിക്കുകയോ ഇതിലെ ആശയങ്ങൾ പ്രസംഗത്തിലൂടെ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. (മാർ ജേക്കബ് മനത്തോടത്ത്)





## വിജ്ഞാപനം

വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ മക്കളേ,

ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്' അംഗങ്ങൾ കത്തോലിക്കാസഭയിൽ വിശ്വസിക്കാത്തവരും സഭയുടെ ദൃശ്യതലവനായ മാർപാപ്പയ്ക്കും മറ്റു സഭാധികാരികൾക്കും വിധേയപ്പെടുവാൻ തയ്യാറില്ലാത്തവരുമാണ്. അവരുടെ വിശുദ്ധഗ്രന്ഥ പഠനങ്ങൾ കത്തോലിക്കാ സഭയുടെ പഠനങ്ങൾക്ക് വിരുദ്ധവും വിനാശകരമായ അഭിപ്രായങ്ങൾ നിറഞ്ഞതുമാണ്. അവിടെ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന വിൻസെൻഷ്യൻ സഭാംഗമായ കോട്ടയം പ്രോവിൻസിലെ അച്ചൻ സന്യാസമൂഹാധികാരികളെ അനുസരിക്കാതെ ധിക്കരിച്ച് നിൽക്കുന്നതും നമ്മുടെ രൂപതാതിർത്തിയിൽ കർമ്മങ്ങൾ അനുഷ്ഠിക്കാൻ അനുവാദമില്ലാത്ത വ്യക്തിയുമാണ്. അതിനാൽ നമ്മുടെ രൂപതയിലെ ആർക്കും തന്നെ അവരുടെ ധ്യാനങ്ങളിലോ പ്രാർത്ഥനകളിലോ, കർമ്മങ്ങളിലോ പങ്കുകൊള്ളാൻ അനുവാദമില്ലെന്ന് ഇതിനാൽ ഞാൻ അറിയിക്കുന്നു. നമ്മുടെ രൂപതയിലെ ഏതെങ്കിലും ഇടവകളിൽ നിന്ന് ആരെങ്കിലും അവിടെ പോകുന്നുണ്ടോ എന്നതിന്റെ നിജസ്ഥിതി കുടുംബസമ്മേളന ഭാരവാഹികൾ അന്വേഷിച്ചറിഞ്ഞ് വികാരിയച്ചനെ അറിയിക്കേണ്ടതും വികാരിയച്ചൻ അവരുടെ പേരും അഡ്രസ്സും രൂപതാഭവനത്തിൽ എത്രയും നേരത്തെ ഏല്പിക്കേണ്ടതുമാണ്.

പത്രോശ്ലീഹാ സൂചിപ്പിക്കുന്നതുപോലെ ശീഘ്രനാശം വരുത്തിവയ്ക്കുന്ന വ്യാജോപദേഷ്ടാക്കൾ വിനാശ കരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിച്ച് ജനങ്ങളിൽ ഭയം (Panic) ഉളവാക്കുകയും, അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞ് നിങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യും (2 പത്രോസ് 2,1-3). അതിനാൽ വഞ്ചനാ ത്മകമായ വാക്കുകൾ കൊണ്ട് ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ നിങ്ങൾ വിവേകികളും ശ്രദ്ധാലു ക്കളുമായിരിക്കുവിൻ എന്ന് ഞാൻ നിങ്ങളോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അനുഗ്രഹാശിസ്സുകളോടെ,

ഇരിങ്ങാലക്കുട **മാർ ജെയിംസ് പഴയാറ്റിൽ**
ഇരിങ്ങാലക്കുട രൂപത

NB:- ഈ വിജ്ഞാപനം 11-ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്. **(മാർ ജേക്കബ് മനത്തോടത്ത്)**

## Bishops' Engagements



**January 2009**

| | | |
|---|---|---|
| 1 | P.M. | Paalana Hospital, Kannadi |
| 3 | A.M. | Kalla |
| | P.M. | Vestition, Mannarkkad |
| 6 | | Priests' Monthly Recollection, Bishop's House |
| | P.M. | Meeting, Bishop's House |
| 7 | | Pre-Cana talk, Yuva kshetra |
| 8 | A.M. | Paalana CMI Bhavan, Kannadi |
| 10 | A.M. | Ganeshgiri, Shoranur |
| | P.M. | Palappuram |
| 11 | | Kalladikode |
| 12 | P.M. | Nirmal Matha School, Kuniamuthur |
| 14 | | Yuva kshetra |
| 15 | P.M | St. Thomas ITC, Kanjirapuzha |
| 16 | P.M. | Assisi School, Kanjikode |
| 17 | | Chengal, Kalady |
| 18 | A.M | Moochenkundu |
| 19 | | Inter Curia Meeting, Irinjalakuda |
| 22-23 | | Catechism Commision Meeting, Kakkanad |
| 25 | A.M. | Chulliamkulam |
| | | Sinai |
| 26 | A.M. | Meeting, Pasteral Centre |
| | | Convent Blessing, Vadakkenchery |
| 27 | | Paalana Hospital, Kannadi |
| 28-29 | | Seminary, Mangalapuzha, Alwaye. |
| 31 | | Mercy Convent, Palakkad |
| | P.M. | Maryland, Muttikulangara |

**February 2009**

| | | |
|---|---|---|
| 1. | A.M | Kallekkad |
| 4 | | Engaged |
| 6 | P.M. | Chittoor School |
| 7 | P.M. | Church Blessing, Padur |
| 10 | P.M. | Presbytery blessing, Agali |
| 13 | | Church JubileeRajagiri |

Bishops' Engagements







## From the Bishop's Office

**തിരുപ്പട്ടം**

നമ്മുടെ രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ഫാ. സജി വട്ടുകളത്തിൽ (ശാന്തിതടം), ഫാ. ബിജു മുരിങ്ങേക്കുടിയിൽ (ത്രിത്വമല), ഫാ. സെബി കുണ്ടുകുളം (ഗാന്ധിപുരം) എന്നിവർക്ക് പ്രാർത്ഥനാശംകൾ.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ ജനുവരി 2009-ലെ ധ്യാനം 6 -ാം തിയ്യതി രൂപതാകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. അന്നേ ദിവസം നവവൈദികർക്ക് സ്വീകരണം നൽകുന്നതാണ്. എല്ലാ ഇടവക വൈദികരും ധ്യാനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സഭൈക്യവാരം**

ജനുവരി 18 മുതൽ 25 വരെ നടത്തപ്പെടുന്ന സഭൈക്യവാരം ഓരോ ഇടവകയും സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിവിധ ക്രിസ്തീയ സഭകളുടെ ഐക്യത്തിനായി നമുക്ക് ഈ അവസരത്തിൽ പ്രാർത്ഥിക്കാം.

**ബുള്ളറ്റിൻ വരിസംഖ്യ**

രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ രൂപതാ കേന്ദ്രത്തിൽ അടച്ച് രസീത് വാങ്ങിക്കാൻ ശ്രദ്ധിക്കുമല്ലോ.

**വാർഷിക സ്ഥിതി വിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2008 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി ജനുവരി 25-നു മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതി വിവര കണക്കുകൾ നൽകുവാനുള്ള ഫോറം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

## Appointment of Priests

1. Fr. Bijoy Kottekudiyil SCH, Asst. Vicar St. Raphael's Cathedral, Palakkad w.e.f. 1-12-2008
2. Fr. Thom Kizhakkedath, Chaplain, Nirmala Matha Convent, Choorakkode. w.e.f. 20-12-2008
3. Fr. Santhosh Adhikarathil Asst. Vicar, St. Mary's Church, Arogyapuram, w.e.f. 20-12-2008.

**അഭിനന്ദനങ്ങൾ**

ഡൊമിനിക്കൻ സഭയുടെ പുതിയ സാരഥികളായി തിരഞ്ഞെടുക്കപ്പെട്ട **സി. ടെസ്സി കാച്ചപ്പിള്ളി** (സുപ്പീരിയർ ജനറാൾ), **സി. റോസി** (അസി. സുപ്പീരിയർ), **സി. ജോസി, സി. പൗളിൻ, സി. അൽഫോൻസ** (കൗൺസിലേഴ്സ്) എന്നിവർക്ക് അഭിനന്ദനങ്ങൾ, പ്രാർത്ഥനാശംസകൾ

**സ്വാഗതം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുവാനായി കടന്നുവന്നിരിക്കുന്ന ഫാ. ബിജോയ് കൊട്ടേക്കുടിക്കും ഫാ. സന്തോഷ് അധികാരത്തിലിനും സ്വാഗതം.

**പുതിയ അഡ്രസ്സ് - ഫോൺ നമ്പറുകൾ**

നിർമ്മല മാതാ കോൺവെന്റ്, ചൂരക്കോട്, പെരുവെമ്പ് പി. ഒ., പാലക്കാട് - 678 531. ഫോൺ : 0492 - 3251517.

സെന്റ് ഡൊമിനിക് കോൺവെന്റ്, തെങ്കര - 04924201591

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**2009 ജനുവരി 5, 6, 7, 8 ഫെബ്രുവരി 2, 3, 4, 5**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**2009 വർഷത്തിലെ വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകളുടെ തിയ്യതികൾ**

| | | | |
|---|---|---|---|
| Jan. | : 5,6,7,8 | Aug. | : 3,4,5,6. |
| Feb. | : 2,3,4,5 | Sep. | : 7,8,9,10 |
| Mar. | : 30, 31, Apr.:1, 2 | Oct. | : 5,6,7,8 |
| May. | : 4,5,6,7 | Nov. | : 9,10,11,12 |
| Jun. | : 1,2,3,4 | Dec. | : 7,8,9,10 |
| Jul. | : 6,7,8,9 | | |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





## പള്ളിക്കണക്കിനെ സംബന്ധിച്ച്

ഇൻകം ടാക്സ് 12 A റെജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വാർഷിക റിട്ടേൺ ഇൻകംടാക്സ് ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതുണ്ട്. അതിന് ബാലൻസ് ഷീറ്റ് തയ്യാറാക്കുകയും PAN കാർഡ് എടുക്കുകയും വേണം.

അതെല്ലാം ബിഷപ്പ് ഹൗസ് വഴി ചെയ്യണമെന്ന് ഡിസംബർ മാസത്തിലെ കോൺഫറൻസിൽ തീരുമാനിച്ചതുപ്രകാരം, കാര്യങ്ങൾ ചെയ്തു തുടങ്ങി. എന്നാൽ പലരും ആവശ്യമായ രേഖകൾ ഏൽപ്പിച്ചിട്ടില്ല. റിട്ടേൺ ഓരോ വർഷവും യഥാസമയം സമർപ്പിച്ചില്ലെങ്കിൽ 5000 രൂപ പിഴ അടയ്ക്കേണ്ടിവരുമെന്നു മാത്രമല്ല റജിസ്ട്രേഷൻ നഷ്ടപ്പെടുകയും ചെയ്യും. ഇൻകംടാക്സ് ഓഫീസിൽ കണക്കിനെ സംബന്ധിച്ച് വിശദീകരണം (Clarification) ചോദിച്ച് എഴുത്തുകൾ വരാവുന്നതാണ്. അതിനാൽ എല്ലാ സ്ഥാപനങ്ങളിലും ഇൻകംടാക്സ് ഫയൽ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. PAN കാർഡിനെ സംബന്ധിച്ച് വിശദവിവരങ്ങൾ ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. രേഖകൾ തരാത്തവർ ജനുവരിമാസധ്യാനത്തിനു വരുമ്പോൾ അവ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

"ഇൻകംടാക്സ് റിട്ടേൺ" കൃത്യമായി അയക്കാനുള്ളതുകൊണ്ട്, കണക്കുകൾ യഥാസമയം ഓഡിറ്റിങ്ങ് നടത്തി അരമനയിൽ ഏല്പിക്കണം. ഓഡിറ്റിംങ്ങ് ഇവിടെ നടത്തണമെന്നുള്ളവർ 2009 ഏപ്രിൽ 30നു മുമ്പ് കണക്കുപുസ്തകങ്ങളും ബന്ധപ്പെട്ട ബില്ലും വൗച്ചറുകളും ഏല്പിക്കേണ്ടതുണ്ട്.

തെരട്ട് തയ്യാറാക്കുമ്പോൾ, നമ്മുടെ തെരട്ടു ഫോമിലുള്ള ഇനങ്ങളിൽ തന്നെ അവ ഉൾക്കൊള്ളിക്കണം. ഇന്റേണൽ ഓഡിറ്റിങ്ങിന് ആവശ്യമായ വ്യക്തികളെ ഇടവകയോഗം നേരത്തെ തിരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്. അവർ ഓഡിറ്റിങ്ങ് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഡിസംബർ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. തെരട്ട് ഫോമിനോടൊപ്പം ഇന്റേണൽ ഓഡിറ്റിങ്ങ് ഫോമും കൂടി പൂരിപ്പിച്ച് ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പള്ളികളിൽ ഇൻവന്ററി തയ്യാറാക്കുന്നതുപോലെ തന്നെ, പള്ളി റെക്കോർഡുകളുടെ സ്ഥിതിവിവര രേഖകളും ഉണ്ടായിരിക്കണം. വികാരി അച്ചൻ സ്ഥലം മാറിപ്പോകുമ്പോൾ പ്രസ്തുത ഫോം പൂരിപ്പിച്ച്, ഒരു കോപ്പി പുതുതായി വരുന്ന വികാരി അച്ചനെ ഏല്പിക്കേണ്ടതും ഒരു കോപ്പി രൂപത കച്ചേരിയിൽ ഏൽപ്പിക്കേണ്ടതുമാണ്.

12A റജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഇൻകംടാക്സ് ആക്ട് സെക്ഷൻ 11(5) പ്രകാരമുള്ള സ്ഥാപനങ്ങളിൽ മാത്രമെ ഫണ്ട് നിക്ഷേപിക്കാൻ പാടുള്ളൂ. (ഉദാ:- ബാങ്ക്,പോസ്റ്റ് ഓഫീസ്, UTI etc) കുറികൾ, ഷെയറുകൾ മുതലായവയിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല. അനുവദനീയമല്ലാത്ത മേഖലകളിൽ ഇൻവെസ്റ്റ് ചെയ്താൽ 12A റജിസ്ട്രേഷൻ റദ്ദാക്കപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്.

**വികാരി ജനറാൾ**

## നന്ദി...

രൂപതാ തലത്തിൽ 2008 നവംബർ 30ന് നടത്തിയ വചനവർഷാചരണ സമാപനപരിപാടികളും വി. അൽ ഫോൻസാമ്മയുടെ വിശുദ്ധ പദപ്രഖ്യാപനത്തിന്റെ ആഘോഷവും നമ്മുടെ വിശ്വാസ കൂട്ടായ്മയുടെ സജീവ സാക്ഷ്യമായിരുന്നു. 2005ൽ നടത്തിയ ജപമാല റാലിയ്ക്കുശേഷം ഇത്രയും അച്ചടക്കത്തോടും ഭക്തിയോടും കൂടി നടത്തിയ വലിയൊരു റാലി പാലക്കാട് പട്ടണം മുമ്പെങ്ങും കണ്ടിട്ടില്ല. ഇതിന്റെ വിജയത്തിനായി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തവരോടെല്ലാം നന്ദി പ്രകടിപ്പി ക്കുവാനാണ് ഞാൻ ഈ വരികൾ കുറിക്കുന്നത്.

ബ.അച്ചന്മാരുടെയും സന്യസ്തരുടെയും പ്രതിനിധികളും, ഫൊറോനകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരും, സംഘടനകളുടെ രൂപത ഭാരവാഹികളും, പാലക്കാട്, ഒലവക്കോട് ഫൊറോനകളിലെ ഇടവക പ്രതിനിധിയും നവംബർ 13ന് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് നിശ്ചയിക്കപ്പെട്ട കമ്മിറ്റികൾ കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിച്ചു; നല്ല തമ്പുരാൻ നമ്മുടെ എളിയ പ്രയത്നങ്ങൾ അനുഗ്രഹിച്ചു. നമ്മൾ പ്ലാൻ ചെയ്ത പരിപാടികളുടെ ഭാഗമായി നവംബർ 27ന് കത്തീഡ്രലിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ കൊടിയേറി, തുടർന്ന് മൂന്ന് ദിവസം സെഹിയോൻ ടീം നടത്തിയ ബൈബിൾ കൺവൻഷനിൽ വളരെപേർ സംബന്ധിച്ച് അനുഗ്രഹീതരായി. 29ന് സമാപനത്തിൽ അഭിവന്ദ്യപിതാവ് അനുഗ്രഹപ്രഭാഷണം നടത്തി.

അകലെയുള്ള ഇടവകകളിൽ നിന്നുപോലും സ്പെഷ്യൽ വാഹനങ്ങളിൽ വിശ്വാസികൾ നവംബർ 30ന് ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ എത്തിച്ചേർന്നു. 2.45ന് അഭിവന്ദ്യപിതാവ് പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീ. കെ. പി. ലോറൻസിന് പേപ്പൽ പതാക ഏല്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്ത വിശ്വാസ പ്രഖ്യാപനറാലിയിൽ പതിമൂവ്വായിരത്തോളം പേർ പങ്കെടുത്തു. മുൻനിരയിൽ അഭിവന്ദ്യ പിതാവിനൊടൊപ്പം ഫൊറോനവികാരിമാരും, സെക്രട്ടറിമാരും പ്രൊവിൻഷ്യാൾമാരും റാലിയ്ക്ക് നേതൃത്വം നല്കി. രക്ഷാകര ചരിത്രസംഭവങ്ങളും അൽഫോൻസാമ്മയുടെ ജീവിതവും നിശ്ചല ദൃശ്യങ്ങളിലൂടെ അവതരിപ്പിച്ചപ്പോൾ റാലി കൂടുതൽ ആകർഷകമായി. വിശ്വാസം ഏറ്റുപറയുന്ന ദൈവവചന പ്ലക്കാർഡുകളും പ്രാർത്ഥനാഗീതങ്ങളും റാലിയുടെ ലക്ഷ്യം തന്നെ കാണികൾക്ക് വ്യക്തമാക്കുതായിരു





ന്നു. ഇടവകകളിൽ നിന്ന് കൊണ്ടുവന്ന നൂറ്കണക്കിന് മുത്തു കുടകൾ അണിനിരത്തിയപ്പോൾ റാലിയ്ക്ക് മികവു വർദ്ധിച്ചു. ഇത്രയും വിപുലമായ ക്രമീകരണങ്ങളോടുകൂടി റാലി നടത്തിയപ്പോഴും പൊതുജനങ്ങളുടെ യാത്രയ്ക്ക് തെല്ലും അസൗകര്യം സംഭവിച്ചില്ലായെന്നതിൽ നമുക്ക് അഭിമാനിക്കാം.

റാലിയുടെ സമാപനത്തിൽ, ലഘുഭക്ഷണത്തിനുശേഷം അഭിവന്ദ്യ പിതാവിനൊടൊപ്പം രൂപതയിലെ എല്ലാ വൈദികരും ചേർന്ന് കത്തീഡ്രൽ സ്കൂളിലെ പ്രത്യേക സ്റ്റേജിൽ കൃതജ്ഞതാബലിയർപ്പിച്ചു. ബലി മദ്ധ്യേ ബഹു. മാത്യു ചന്ദ്രൻകുന്നേൽ അച്ചൻ സുവിശേഷപ്രഭാഷണം നടത്തി. സഭയുടെ നേരെയുള്ള ഇന്നത്തെ ആക്രോശങ്ങളെയും വെല്ലുവിളികളെയും പീഡനങ്ങളെയും സുവിശേഷാരൂപിയാൽ അതിജീവിക്കാൻ കരുത്തു പകരുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം. ദിവ്യബലിക്കുശേഷം കാഞ്ഞിരപ്പിള്ളി അമല കമ്മ്യൂണിക്കേഷൻ അവതരിപ്പിച്ച "ദൈവം വിരുന്ന് വന്ന വീട്" എന്ന ബൈബിൾ നാടകം രക്ഷാകര സംഭവങ്ങളുടെ പുത്തൻ കലാവിഷ്കാരമായിരുന്നു.

പരിമിതികൾ ഏറെയുണ്ടായിരുന്നിട്ടും രൂപതയിലെ വിശ്വാസ കൂട്ടായ്മയിൽ ഇടവകാംഗങ്ങൾ സജീവമായി പങ്കുചേരുന്ന മഹനീയ കാഴ്ചയായിരുന്നു നവംബർ 30ലെ എല്ലാ പരിപാടികളിലും പ്രകടമായത്. എല്ലാം ഭംഗിയാകുന്നതിന് ആത്മാർത്ഥമായി സഹകരിച്ച അൽമായ സഹോദരങ്ങൾക്കും അവർക്ക് നേതൃത്വം നൽകിയ ബ.അച്ചന്മാർക്കും, സന്യാസനീസന്യാസികൾക്കും, വിവിധകമ്മിറ്റി അംഗങ്ങൾക്കും യുവജനങ്ങൾക്കും, മാധ്യമപ്രവർത്തകർക്കും, പോലീസ് അധികാരികൾക്കും അകൈവമായ നന്ദി അറിയിക്കട്ടെ. പുതുവർഷത്തിൽ ദൈവകൃപയോട് പൂർണ്ണമായി സഹകരിച്ച് നമ്മുടെ ക്രൈസ്തവദൗത്യം നിറവേറ്റുവാൻ ആത്മാർ ത്ഥമായി ശ്രമിക്കാം.

**ജനറൽ കൺവീനർ**

### "ഹോളി ഫാമിലി ഡി അഡിക്ഷൻ സെന്റർ"

മദ്യപാന രോഗികളെ കിടത്തി ചികിത്സിക്കുവാനായി "ഹോളി ഫാമിലി ഡി അഡിക്ഷൻ സെന്റർ" എന്ന സ്ഥാപനം പാലന ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പ്രവർത്തനാമരംഭിച്ചിരിക്കുന്നു. ഫോൺ : 9496141972, 0491-2527170

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-02-09 | MON | Rev. Fr. Alappadan Joseph |
| 03-02-09 | TUE | Rev. Fr. Aloor John |
| 04-02-09 | WED | Rev. Fr. Angeveettil Jose |
| 05-02-09 | THU | Rev. Fr. Anjilimoottil Cherian |
| 06-02-09 | FRI | Rev. Fr. Arackal John |
| 07-02-09 | SAT | Rev. Fr. Arikatt Anto |
| 09-02-09 | MON | Rev. Fr. Arisseriyil Thomas |
| 10-02-09 | TUE | Rev. Fr. Chakkalakal Joshy |
| 11-02-09 | WED | Rev. Fr. Chakkumpeedika Davis |
| 12-02-09 | THU | Rev. Fr. Cheniyara Jose |
| 13-02-09 | FRI | V. Rev. Fr. Cheekkapara Joy |
| 14-02-09 | SAT | Rev. Msgr. Chittilapilly Joseph |
| 16-02-09 | MON | V. Rev. Fr. Chittilapilly Jose P. |
| 17-02-09 | TUE | Rev. Fr. Chothirakottu Peter |
| 18-02-09 | WED | Rev. Fr. Edathala George |
| 19-02-09 | THU | Rev. Fr. Ettonnil Gilbert |
| 20-02-09 | FRI | Rev. Fr. Ettumanookaran Martin |
| 21-02-09 | SAT | V. Rev. Fr. Irimpen Sebastian |
| 23-02-09 | MON | Rev. Fr. Kachapilly Joby |
| 24-02-09 | TUE | Rev. Fr. Kaitharath Antony |
| 25-02-09 | WED | Rev.Fr. Kalamattathil Arun |
| 26-02-09 | THU | Rev. Fr. Kalampadan Martin |
| 27-02-09 | FRI | Rev. Fr. Kallingal Joseph |
| 28-02-09 | SAT | V. Rev. Fr. Kalluvelil Jose |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും, ലോഗോസ് ക്വിസ് 2008 അവാർഡ് ദാനവും**

സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2009 ജനുവരി 26-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും, സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പ്രസ്തുത മീറ്റിംഗിൽ വെച്ച് ലോഗോസ് ക്വിസ് 2008 ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. സമ്മാനാർഹരെ എല്ലാവരേയും പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ

NB. 9-45 ന് അവാർഡ് ദാനം ആരംഭിക്കുന്നതാണ്.

**രണ്ടാം സെമസ്റ്റർ സൺഡേ സ്കൂൾ പരീക്ഷകൾ**

**X,I&II HDC ക്ലാസ്സുകൾ**

X,I&II HDC ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 1-ാം തിയ്യതി ഞായറാഴ്ചയാണ്. ചോദ്യപേപ്പറുകൾ ജനുവരി 26-ാം തിയ്യതി മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

X, II HDCക്ലാസ്സുകളിലെ ഉത്തരക്കടലാസ്സുകളും, പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ഫെബ്രുവരി 2-ാംതിയ്യതി തിങ്കളാഴ്ച രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കണം. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും, സർട്ടിഫിക്കറ്റ് ഫീസായ 10 രൂപ വീതമുള്ള തുകയും ഉത്തരകടലാസ്സുകളോടൊപ്പം മതബോധന കേന്ദ്രത്തിലെത്തിയ്ക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയ്യതി, മാമ്മോദീസ തിയ്യതി, സ്ഥൈര്യലേപന തിയ്യതി തുടങ്ങിയ എല്ലാകാര്യങ്ങളും കൃത്യമായും നിർബന്ധമായും വൃത്തിയായും പൂരിപ്പിച്ച് നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു.

സർട്ടിഫിക്കറ്റ് തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും ഇനിയും കൊണ്ടു പോകാത്ത യൂണിറ്റുകൾ ജനുവരി 12-ാം തിയ്യതിയ്ക്ക് മുമ്പായി അവ രൂപതമതബോധന കേന്ദ്രത്തിൽ നിന്നും കൊണ്ടുപോകേണ്ടതാണ്.

**സൺഡേ സ്കൂൾ-കേന്ദ്രീകൃത മൂല്യ നിർണ്ണയം**

X,II HDC ക്ലാസ്സുകളിലെ ഉത്തരകടലാസ്സുകളുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയം ഫെബ്രുവരി 15-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും II HDC ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിനു വരുന്നവർക്കുവേണ്ടി വിശുദ്ധ കുർബ്ബാന പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കുന്നതാണ്.

NB:- പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടു വരേണ്ടതാണ്.

**I-IX ക്ലാസ്സുകൾ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ വേദ പാഠപരീക്ഷ ഫെബ്രുവരി 22-ാം തിയ്യതി ഞായറാഴ്ചയാണ്.

NB.Englishചോദ്യപേപ്പറുകൾ ഏതെങ്കിലും ക്ലാസ്സുകളിലേയ്ക്ക് ആവശ്യമുള്ളവർ ജനുവരി 15 ന് മുൻപ് മതബോധന കേന്ദ്രത്തിൽ അറിയിയ്ക്കേണ്ടതാണ്.

**സ്കോളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കോളാസ്റ്റിക് ടെസ്റ്റ് മാർച്ച് 1-ാം തിയ്യതി ഞായറാഴ്ച 10.am.മുതൽ12.30 pm.വരെ അതാതു യൂണിറ്റുകളിൽ വെച്ച് നടക്കുന്നതാണ്. എല്ലാ അദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**മാർക്ക് വിഭജന രീതി:-**

1. ബൈബിൾ നിങ്ങൾ ചോദിക്കുന്നതും അറിയേണ്ടതും 15 മാർക്ക്
2. രൂപതാബുള്ളറ്റിനിലെ ജനറൽക്വിസ് (ജൂൺ 2008-ഫെബ്രുവരി 2009) 25 മാർക്ക്
3. സഭാ സംബന്ധമായ പൊതുവിജ്ഞാനം. 10 മാർക്ക്
4. ജനറൽ ക്വിസ് (Catechism centre) 50 മാർക്ക്

NB.ചോദ്യപേപ്പറിൽ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയായിരിക്കും. ഉത്തരക്കടലാസ്സിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി Pinചെയ്യുക. ഉത്തരക്കടലാസ്സിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരക്കടലാസ് മാർച്ച് 2-ാം തിയ്യതി തിങ്കളാഴ്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾവാർഷിക പരീക്ഷ**

സ്കൂൾ വേദോപദേശം,സന്മാർഗ്ഗശാസ്ത്രം X,XI,XII ക്ലാസ്സുകൾക്ക് വാർഷിക പരീക്ഷ ജനുവരി 30-ാം തിയ്യതി വെള്ളിയാഴ്ചയും I മുതൽ IX വരെയുള്ള ക്ലാസ്സുകൾക്ക് ഫെബ്രുവരി 23-ാം തിയ്യതി തിങ്കളാഴ്ചയും നടക്കുന്നു. 2nd 3rd term ലെ പാഠഭാഗങ്ങൾ മാത്രമെ വാർഷിക പരീക്ഷയ്ക്ക് ഉൾപ്പെടുത്തുകയുള്ളു. X,XI,XII ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ ജനുവരി 26-ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.





**കോയമ്പത്തൂർ - റീജിയൻ**

കോയമ്പത്തൂർ റീജിയനിലുള്ള X, XI, XII ക്ലാസ്സുകളിലെ സൺഡേ സ്കൂൾ കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 25-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു.

**കോയമ്പത്തൂർ റീജിയിനുള്ള സൺഡേ സ്കൂൾ ചെറുകഥ ഉപന്യാസ വിജയികൾ**

**ചെറുകഥ**

| | | |
|---|---|---|
| എൽ. പി. | I | ജിബിൻ തോമസ്, കൗണ്ടപാളയം |
| | II | ശ്രുതി റോസ്, കുനിയപുത്തർ |
| | III | ഷിനു എം. ജി., രാമനാഥപുരം |
| യു. പി. | I | ആൻ മേരി രാജു, രാമനാഥപുരം |
| | II | ഐശ്വര്യ. ടി. ഷാജു, ലിസി നഗർ |
| | III | പ്രദീപ് മോൻസൺ, കൗണ്ടപാളയം |
| ഹൈസ്കൂൾ | I | മെറിന ഇ. ജെ., കുനിയമൂത്തർ |
| | II | റോണൾഡ് ജെയിംസ്, കുനിയമുത്തർ |
| | III | റിങ്കു റാഫി, ഇടയപാളയം |
| എച്ച്. ഡി. സി. | I | ജോമി ടി. ജെ., മേട്ടുപ്പാളയം |
| | II | നീതു. എൽ., വാൽപ്പാറ |
| | III | സെലെീസ്റ്റ ഫാത്തിമ, രാമനാഥപുരം |

**ഉപന്യാസം**

| | | |
|---|---|---|
| എൽ. പി. | I | അലീന ജോർജ്ജ്, കൗണ്ടപാളയം |
| | II | സോണു ജോസഫ്, പോത്തനൂർ |
| | III | മെർലിൻ ജോസ്, ഇടയപാളയം |
| യു. പി. | I | അനു ജോർജ്ജ്, ഇടയപാളയം |
| | II | വിശാൽ ചാക്കോ, കുനിയമൂത്തർ |
| | III | ഡോണ ജോസഫ്, പോത്തനൂർ |
| ഹൈസ്കൂൾ | I | നീന, മേട്ടുപാളയം |
| | II | റോസലിൻ ജോർജ്ജ്, രാമനാഥപുരം |
| | III | ജോസഫിനാ ജോൺ, രാമനാഥപുരം |
| എച്ച്. ഡി. സി. | I | ജോയസി എം. ഡി., ഉക്കടം |
| | II | റോഷൻ റോയി, ഗാന്ധിപുരം |
| | III | റോഷിനി ഫ്രാൻസിസ്, പോത്തനൂർ |

സമ്മാനാർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ !!

**പരീക്ഷ ഒരുക്കധ്യാനം**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് വർഷാവസാന പരീക്ഷക്ക് ഒരുക്കമായി

2009 ജനുവരി 26 ന് ഏകദിന ധ്യാനം ഒരുക്കുന്നു. ഫാ. ബിനോയി കരിമരു തിങ്കൽ ധ്യാനം നയിക്കുന്നു. രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ. രജിസ്ട്രേഷൻ ഫീസ്. Rs.10.

**ലോഗോസ് ക്വിസ് 2009**

പഠനഭാഗം : ഉൽപ്പത്തി 27-50 അദ്ധ്യായങ്ങൾ ഫിലിപ്പിയർക്ക് എഴുതിയ ലേഖനം

രൂപതാതല പരീക്ഷ തിയ്യതി - 2009 ഒക്ടോബർ 11

സംസ്ഥാനതല പരീക്ഷ തിയ്യതി - 2009 നവംബർ 22

**ലോഗോസ് ക്വിസ് മത്സരത്തിൽ 70%, 80% മാർക്ക് നേടിയവരുടെ പേരുകൾ താഴെ കൊടുക്കുന്നു.** (തുടർച്ച)

1. സി. ജോസിയ C വിഭാഗം 87% - വചനഗിരി
2. സി. ജിഷ C വിഭാഗം 75% - വചനഗിരി
3. ബ്ലെസി വി. എ. B വിഭാഗം 78% - കോട്ടത്തറ
4. ഡെന്നീസ് സി. കെ. B വിഭാഗം 86% - മൈലംപുള്ളി

**ലോഗോസ് ക്വിസ് 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾ (തുടർച്ച)**

1. സെന്റ് ജോസഫ് സൺഡേ സ്കൂൾ, ജോസ്ഗിരി

**കൗൺസിൽ മീറ്റിംഗ്**

ഡിസംബർ 20-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് മതബോധന കൗൺസിൽ മീറ്റിംഗ് നടന്നു. അഭിവന്ദ്യ പിതാവ് സന്നിഹിതനായിരുന്നു. പിതാവിന് കൗൺസിൽ അംഗങ്ങൾ ക്രിസ്തുമസ് ആശംസകൾ നേർന്നു. പിതാവ് സന്ദേശം നൽകുകയും കേക്ക് മുറിച്ച് ക്രിസ്തുമസ് സന്തോഷം പങ്കിടുകയും ചെയ്തു. അഭിവന്ദ്യ പിതാവ് എല്ലാവർക്കും ഉപഹാരം നൽകി. തുടർന്ന് ബഹു ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി.

## ജനറൽ ക്വിസ്

1. കത്തോലിക്കാ സഭകളുടെ ഐക്യത്തിന്റെ ഘടകങ്ങൾ ഏവ?
   വിശ്വാസം,കൂദാശകൾ,ഹയരാർക്കി
2. സഭകളുടെ ഇടയിൽ വൈവിധ്യങ്ങളുടെ തലങ്ങൾ ഏവ?
   ആരാധനാക്രമം, ആദ്ധ്യാത്മികത,ദൈവശാസ്ത്ര ദർശനം, ഭരണരീ തി, ഭക്താനുഷ്ഠാനങ്ങൾ, വേഷഭൂഷാദികൾ, പാരമ്പര്യങ്ങൾ, സംസ്ക്കാരം.
3. ഒരു പ്രത്യേക സഭയെ അതാക്കിതീർക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്?





   സഭയുടെ നെടുംതൂണുകളായ അപ്പസ്തോലന്മാരോ അവരുടെ അടുത്ത ശിക്ഷ്യന്മാരോ, വിശ്വാസം സ്വീകരിച്ച സമൂഹത്തിനു കൈമാറിയ തനിമയാർന്ന ക്രിസ്ത്യാനുഭവവും, ജീവിത രീതിയുമാണ് ഒരു സഭയുടെ വ്യക്തിത്വത്തിനു നിദാനം.
4. വി.മത്തായിയുടെ സുവിശേഷം അറിയപ്പെടുന്നതെങ്ങനെ?
   -സഭയുടെ സുവിശേഷമെന്നും,യേശുവിന്റെ സുവിശേഷമെന്നും.
5. പുതിയ നിയമത്തിലെ അഞ്ചു ചരിത്രഗ്രന്ഥങ്ങൾ ഏതെല്ലാം?
   4 സുവിശേഷങ്ങളും അപ്പസ്തോല പ്രവർത്തനവും
6. വി. പൗലോസിന്റെ സഹചാരിയും പിന്നീട് വി. പത്രോസിന്റെ സഹ ( പ്ര വർത്തകനുമായ വ്യക്തി ആര്?
   -വി. മർക്കോസ്
7. വൈദ്യനും വി. പൗലോസിന്റെ സഹചാരിയുമായിരുന്ന വ്യക്തി ആര്?
   -വി. ലൂക്കാ.
8. വി. പൗലോസിന്റെ 13 ലേഖനങ്ങൾ ഏവ?
   റോമ, 1&2 കോറിന്തോസ്,ഗലാത്തി,എഫേസോസ്,ഫിലിപ്പി,കൊളോസോസ്,1&2 തെസ ലോനിക്ക, 1&2 തിമോത്തിയോസ്, തീത്തോസ്, ഫിലെമോൻ
9. ഏഴ് കാതോലിക ലേഖനങ്ങൾ ഏവ?
   -യാക്കോബ്, 1 & 2 പത്രോസ്, 1, 2 & 3 യോഹന്നാൻ, യൂദാസ്
10. വി. പൗലോസിന്റെ തടവറ ലേഖനങ്ങൾ എന്ന് അറിയപ്പെടുന്നവ ഏതെല്ലാം?
   -എഫേസോസ്, ഫിലിപ്പോസ്, ഫിലെമോൻ, കൊളൊസോസ്
11. വി. പൗലോസിന്റെ ഇടയലേഖനങ്ങൾ എന്ന് അറിയപ്പെടുന്നവ ഏതെല്ലാം?
   -1&2 തിമോത്തിയോസ്, തീത്തോസ്.
12. പുതിയ നിയമത്തിലെ പ്രവാചക ഗ്രന്ഥം എന്നറിയപ്പെടുന്ന ഗ്രന്ഥമേത്?
   വെളിപാട്
13. ബൈബിളിന്റെ ആധികാരിക വ്യാഖ്യാതാവ് ആര്?
   -തിരുസഭ
14. രക്ഷപ്രാപിക്കുന്നതിന് ഒഴിച്ചുകൂടാനാകാത്ത ഘടകം ഏത്?
   -വിശ്വാസം.
15. കത്തോലിക്കർ അവരുടെ വിശ്വാസപ്രഖ്യാപനം നടത്തുവാൻ ഏത് അടയാളമാണ് ഉപയോഗിക്കുന്നത്?
   -വി. കുരിശ്.
16. 'കുരിശിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് കുരിശടയാളം വരയ്ക്കാം. ഇതു സംരക്ഷണത്തിനുള്ള ഏറ്റവും വലിയ ഉപാധിയാണ്. വിശ്വാസികൾക്ക് അടയാളവും ദുഷ്ടാരൂപികൾക്കു ഭയവുമാണിത്'.ആരുടെ വാക്കുകളാണിത്?
   -വി. സിറിൽ.
17 " ഏതൊരു ജോലിയുടേയും ആരംഭത്തിലും ,ജോലിക്കിടയിലും, വരുമ്പോഴും, പോകുമ്പോഴും, വസ്ത്രം ധരിക്കുമ്പോഴും ഉറങ്ങാൻ പോകുമ്പോഴും എന്നല്ല, എന്തു ചെയ്യുമ്പോഴും ഞങ്ങൾ നെറ്റിയിൽ കുരിശടയാളം വര

യ്ക്കുന്നു". ആരുടെ വാക്കുകളാണിത്?

-തെർത്തുല്യൻ

18. പഴയ നിയമത്തെ എപ്രകാരമാണ് വിഭജിച്ചിരിക്കുന്നത്?

1. ചരിത്രഗ്രന്ഥങ്ങൾ 2. പ്രബോധന ഗ്രന്ഥങ്ങൾ. 3 പ്രവചന ഗ്രന്ഥങ്ങൾ.

19. പഞ്ചഗ്രന്ഥിയുടെ മറ്റൊരു പേര് എന്ത്?

-മോശയുടെ പുസ്തകങ്ങൾ.

20. പഴയനിമയത്തിലെ വിജ്ഞാന ഗ്രന്ഥങ്ങൾ ഏതെല്ലാം?

-ജോബ്,സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്ത മ ഗീ തം, ജ്ഞാനം, പ്രഭാഷകൻ.

21. പഴയ നിയമത്തിൽ എത്ര പ്രവാചക ഗ്രന്ഥങ്ങൾ ഉണ്ട്?

-പതിനെട്ട്

22. പതിനൊന്നാം മണിക്കൂറിന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടുന്നത് ആര്?

-ജെറിമിയ.

23. "സർവ്വശക്തനായ ദൈവം തന്റെ സൃഷ്ടികൾക്കു നൽകിയ കത്താണ് ബൈബിൾ" ആരുടെ വാക്കുകളാണിത്?

മഹാനായ ഗ്രഗറി

24. സഭയിൽ ബൈബിൾ പഠനത്തിന് സമൂല പരിവർത്തനം വരുത്തിയ ചാക്രിക ലേഖനം ഏത്?

ഡിവീനോ അഫ്ളാന്തെ സ്പിരിത്ത

25. "ജീവിതം ഹൃസ്വമാണെങ്കിലും നിലനിൽക്കുന്ന മൂല്യമുള്ളതാണ്. അതിൽ നിത്യതയുടെ വിത്തുകൾ അടങ്ങിയിരിക്കുന്നു." ആരുടെ വാക്കുകളാണിത്

വി.ഫ്രാൻസിസ് സാലസ്.

**ഫാ. മാത്യൂ വാഴയിൽ**
ഡയറക്ടർ, മതബോധനം.

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് അവാർഡ് ഡേ**

ലോഗോസ് ക്വിസ് 2008 ലെ രൂപതാതല വിജയികൾക്ക് സമ്മാനങ്ങൾ 2009 ജനുവരി 26ന് രാവിലെ 9.30ന് അഭിവന്ദ്യപിതാവ് നൽകുന്നതാണ്. സമ്മാനാർഹരുടെ വിശദവിവരങ്ങൾ 2008 നവംബർ, ഡിസംബർ മാസങ്ങളിലെ ബുള്ളറ്റിനുകളിൽ കൊടുത്തിട്ടുണ്ട്. സമ്മാനാർഹരായ എല്ലാവരും സന്നിഹിതരാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. മാത്യൂ വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്





## സി. എൽ. സി

**മേഖലാ സെമിനാർ**

ജനുവരി 10-ാം തിയ്യതി ശനിയാഴ്ച മേഖലകളിൽ ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുക. മേഖല ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**ഏകദിന പഠനക്യാമ്പ്**

ഓരോ യൂണിറ്റിലും ജനിവരി 26ന് ഏകദിന പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക. ക്ലാസ്സുകൾ നയിക്കുന്നവരെ ആവശ്യമെങ്കിൽ സി.എൽ.സി. രൂപതാ കാര്യാലയവുമായി ബന്ധപ്പെടുക.

വിഷയം : "സ്വാതന്ത്ര്യവും നീതിയും ഹനിക്കപ്പെടുന്നിടത്ത് തിന്മകൾ പടരുന്നു."

**തൂലിക**

ഓരോ യൂണിറ്റിലും രൂപപ്പെടുത്തുന്ന കയ്യെഴുത്ത് കൃതി ജനുവരി 30ന് മുമ്പായി രൂപത സി.എൽ.സി കേന്ദ്രത്തിലെത്തിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 13ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് സി.എൽ.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ഡിസംബർ 30ന് നടക്കുന്ന സംസ്ഥാന സി.എൽ.സി. പ്രതിനിധി സമ്മേളനം വിജയപ്രദമാക്കാൻ വേണ്ട ക്രമീകരണങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തു.

**പ്രാർത്ഥന**

വിവിധ അടിമത്വമനുഭവിക്കുന്നവരുടെ സ്വാതന്ത്ര്യത്തിനായ് പ്രാർത്ഥിക്കുക.

പഠനം : മർക്കോസ് 3-8

**പ്രവർത്തനം**

ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുക. കൂട്ടുകാരെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുക.

**പുതുവത്സരാശംസകൾ**

എല്ലാ സി.എൽ.സി. ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും അംഗങ്ങൾക്കും രൂപതാ കേന്ദ്രത്തിൽ നിന്നു പുതുവർഷാശംകൾ. പുതുവർഷത്തിൽ കൂടുതൽ ഉണർവ്വോടെ ക്രിസ്തീയ ജീവിത ശൈലിക്ക് ഊടുംപാവും നെയ്യാൻ ഏവർക്കും സാധിക്കട്ടെ.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി. എൽ. സി

# കെ. സി. വൈ. എം

**കെ.സി.വൈ.എം കാര്യാലയത്തിൽ നിന്നും ക്രിസ്തുമസ് പുതുവത്സര ആശംസകൾ**

വചനാധിഷ്ഠിതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സാമൂഹിക നവോത്ഥാനത്തിനായി യത്നിച്ച ഒരു പ്രവർത്തന വർഷത്തിന്റെ അവസാന വേളയിലാണ് നാമേവരും. ഈ പ്രവർത്തന വർഷത്തിൽ നന്മയേറിയ നിർദ്ദേശങ്ങളും, സാന്നിദ്ധ്യവും, സഹകരണങ്ങളുമായി ഒപ്പം ചേർന്ന ഏവരെയും നന്ദിയോടെ സ്മരിക്കുന്നു.

**വിശ്വാസപ്രഖ്യാപന റാലി നവംബർ 30**

രൂപത വിശ്വാസ പ്രഖ്യാപനറാലി മനോഹരമാക്കുന്നതിനു കെ.സി.വൈ.എം വാളണ്ടിയേഴ്സ് വഹിച്ച പങ്ക് നിസ്തുലമാണ്. ചിട്ടയായി ഒരു കുടക്കീഴിൽ ഒരേ വേഷവിധാനത്തോടെ റാലി ഭംഗിയാക്കുന്നതിനു സഹായിച്ച എല്ലാ വാളണ്ടിയേഴ്സിനും അവർക്കു നേതൃത്വം നൽകിയ ഫൊറോന പ്രസിഡന്റുമാർക്കും യൂണിറ്റ് ഭാരവാഹികൾക്കും ആത്മാർത്ഥമായ നന്ദി.

**കർഷക രക്ഷായാത്ര ഡിസംബർ.1**

സംസ്ഥാന സമിതിയുടെ കർഷകയാത്രയ്ക്ക് പാലക്കാട് രൂപത സ്വീകരണം നൽകി. വടക്കഞ്ചേരി, പാലക്കാട് , മണ്ണാർക്കാട് മേഖലകളിൽ സ്വീകരണയോഗം സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ ബഹു. ഡയറക്ടർമാരേയും പ്രസിഡണ്ടുമാരേയും നന്ദിയോടെ ഓർക്കുന്നു.

**ഗ്രാമോൽസവ് ഡിസംബർ 6,7,8**

ഗ്രാമത്തിന്റെ നൈർമ്മല്ല്യം ആവോളം ആസ്വദിക്കാനുതകിയ ഗ്രാമോൽസവ് ഒറ്റപ്പാലം ഫൊറോനയുടെ ആതിഥേയത്വത്തിൽ കുളക്കാട്ടുകുർശ്ശിയിൽ നടന്നു. നൂറ്റിമുപ്പിതിലേറെ അംഗങ്ങൾ പങ്കെടുത്ത ഗ്രാമോത്സവ് അംഗങ്ങൾക്ക് നവാനുഭവമായി. പരിപാടിക്ക് നേതൃത്വം നൽകിയ സിൻഡിക്കേറ്റംഗം ശ്രീ.ജിയോമി,ഫൊറോന പ്രസിഡണ്ട് മേബിൻ ഫൊറോന ഡയറക്ടർ റവ. ഫാ.റെന്നി കാഞ്ഞിരത്തിങ്കൽ എന്നിവർക്ക് അഭിനന്ദനങ്ങൾ. ഗ്രാമോത്സവം വിജയിപ്പിക്കുവാൻ പ്രയത്നിച്ച എല്ലാവർക്കും പ്രത്യേകിച്ച് കുളക്കാട്ടുകുർശ്ശി ഇടവക വികാരി ബഹു.സേവ്യർ വളയത്തിലച്ചനേയും ഇവവകാംഗങ്ങളേയും സിസ്റ്റേഴ്സിനേയും ഇടവകക്കാരെയും നന്ദിയോടെ ഓർക്കുന്നു.

**വാർഷിക സെനറ്റും പുതുസമിതിയും**

ഡിസംബർ മാസത്തിൽത്തന്നെ യൂണിറ്റുകളിലെ ജനറൽ ബോഡി കൂടി റിപ്പോർട്ടുകളും കണക്കുകളും അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. പുതിയ സമിതിയുടെ തിരഞ്ഞെടുപ്പും അതോടനുബന്ധിച്ച് നടത്താൻ





ശ്രദ്ധിക്കുമല്ലോ.

ജനുവരി പതിനഞ്ചിനു മുൻപായി ഫൊറോന സെനറ്റുകൾ നടത്തി പുതിയ ഫെറോന സമിതികൾ രൂപപ്പെടുത്തുന്നതിനും റിപ്പോർട്ടുകൾ പാസ്സാക്കുന്നതിനും ഫൊറോന ഡയറക്ടർമാരും പ്രസിഡന്റുമാരും ശ്രമിക്കുമല്ലോ. ജനുവരി 20 നു മുൻപായി യൂണിറ് ഫൊറോന സമിതികളുടെ വിശദവിവരങ്ങൾ രൂപതാ കാര്യാലയത്തിൽ എത്തിക്കണേ.

**രൂപതാവാർഷിക സെനറ്റ്**

ജനുവരി 24 നു വൈകുന്നേരം നാലുമണിയോടെ രൂപതാ വാർഷിക സെനറ്റ് ചക്കാന്തറ പാസ്ററൽ സെന്ററിൽ വച്ചു നടത്തുന്നു. ഫൊറോന പാനലുകൾ അനുസരിച്ചുള്ള തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കും. യൂണിറ്റിൽ നിന്ന് പ്രസിഡന്റ് ഡയറക്ടർ, ആനിമേറ്റർ ഉൾപ്പെടെ അഞ്ച് പേർ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. റജി ഫീ. 150 Rs.

**സംസ്ഥാന സമ്മേളനം**

30 വർഷം പിന്നിടുന്ന കെ.സി.വൈ.എം പ്രസ്ഥാനം പേൾ ജൂബിലി നിറവിൽ അക്ഷരനഗരിയായ കോട്ടയത്ത് സംഗമിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ചടുലത സമൂഹമദ്ധ്യത്തിൽ അവതരിപ്പിച്ചുകൊണ്ട് വിമോചനത്തിന്റെ പുത്തൻ ശംഖൊലി മുഴക്കി കെ.സി വൈ.എം. സംസ്ഥാന സമ്മേളനം 2009 ജനുവരി 2,3 തീയതികളിൽ വിജയപുരം രൂപതയുടെ ആതിഥേയത്വത്തിലും കോട്ടയം, പാല ,ചങ്ങനാശ്ശേരി,കാഞ്ഞിരപ്പള്ളി,തിരുവല്ല എന്നീ രൂപതകളുടെ സഹ ആതിഥേയത്വത്തിലും കോട്ടയം തിരുനാക്കര മൈതാനത്ത് നടക്കുന്നു.

**ഭീകരവാദവിരുദ്ധ ദിനം- 2009 ജനുവരി 1**

ഭാരതത്തിൽ ഭീകര പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിലും ബോംബെയിൽ ഭീകര ആക്രമണം നടന്ന പശ്ചാത്തലത്തിലും 2009 ജനുവരി 1 കെ .സി .ബി.സി ഭീകരവാദ വിരുദ്ധദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു. അന്നേദിവസം എല്ലാ കെ.സി. വൈ.എം യൂണിറ്റുകളും ഇടവക തലങ്ങളിൽ പ്രത്യേക പരിപാടികൾ ക്രമീകരിക്കണം.

**സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം, 2009 ജനുവരി 8,9,10,11**

2008 പ്രവർത്തന വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം ജനുവരി 8,9,10,11 തീയതികളിൽ ആലപ്പുഴ രൂപതയുടെ ആതിഥേയത്വത്തിൽ ആലപ്പുഴ രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ദേശീയ യുവജനദിനം-2009 ജനുവരി 12-9**

ഭാരതത്തിന്റെ മതേതരത്വവും സ്നേഹസംസ്കാരവും ലോകം മുഴുവൻ അറിയിച്ച സ്വാമി വിവേകാനന്ദന്റെ ജന്മദിനം രാജ്യം ദേശീയ യുവജനദിനമായി ആചരിക്കുമ്പോൾ കേരളത്തിന്റെ ധാർമ്മിക യുവജനപ്ര

സ്ഥാനമായ കെ.സി.വൈ.എം യൂണിറ്റ് മേഖലാ ഫൊറോന തലങ്ങളിൽ ദേശീയ യുവജനദിനം ഭംഗിയായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ചർച്ചകൾ ,സിംമ്പോസിയങ്ങൾ,ചിത്രരചന,പോസ്റ്റർ പ്രദർശനം എന്നിവ ഉൾപ്പെടുത്തി യുവജനദിനം ഭംഗിയായി ക്രമീകരിക്കുന്നതോടൊപ്പം സംസ്ഥാനത്ത് ഒരു യുവജന നയം നടപ്പിലാക്കാനുള്ള സമ്മർദ്ദം ചെലുത്താനുള്ള പരിപാടികളും ആവിഷ്ക്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**2009 ജനുവരി 1, ഭീകരവാദവിരുദ്ധ ദിനം ഭീകരവാദ വിരുദ്ധ പ്രതിജ്ഞ**

ലോകത്തിന്റെ എല്ലായിടത്തും, ഭാരതത്തിലും ഭീകരപ്രവർത്തനങ്ങളും അക്രമങ്ങളും വ്യാപിക്കുന്നതിൽ ഞങ്ങൾ അതിയായി ദു:ഖിക്കുന്നു. സമാധാനജീവിതത്തെ തകർക്കുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ഞങ്ങൾ അകന്നുനിൽക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹവും ഐക്യവും സഹവർത്തിത്വവും പരിഗണനയും വളർത്താൻ വേണ്ടുന്നവയെല്ലാം ഞങ്ങൾ ചെയ്യുന്നതാണ്. ഭാരതപൗരന്മാരെന്ന നിലയിൽ ജാതി, വർഗ, വർണ വ്യത്യാസമില്ലാതെ എല്ലാവരെയും സ്നേഹിക്കാനും ആദരിക്കാനും ഞങ്ങൾ എപ്പോഴും തയ്യാറായിരിക്കും. യഥാർത്ഥ ദൈവവിശ്വാസം മനുഷ്യരെ ദ്രോഹിക്കുന്നതല്ലെന്നും സഹോദരരെ സ്നേഹിക്കുന്നതും അവർക്ക് നന്മ ചെയ്യുന്നതുമാണെന്നും ഞങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്നു. സർവശക്തനായ ദൈവമേ ഞങ്ങൾ എടുത്ത പ്രതിജ്ഞയിൽ നിലനിൽക്കാനും രാജ്യസ്നേഹത്തിൽ ജീവിക്കാനും വളരാനും ഞങ്ങളെ സഹായിക്കണമേ.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**വാർഷിക പരിപാടികളുടെ റിപ്പോർട്ട്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പാലക്കാട് സെൻട്രൽ കൗൺസിലിന്റെ 24-ാം വാർഷികവും സൊസൈറ്റിയുടെ 175-ാം വാർഷികവും 2008 നവംബർ 15-ാം തിയ്യതി ശനിയാഴ്ച പാലക്കാട് ചക്കാന്തറ പാസ്റ്ററൽ സെന്ററിൽ വച്ച് സമുചിതമായി കൊണ്ടാടി.

പാലക്കാട് രൂപതാ മെത്രാൻ മാർ ജേക്കബ് മനത്തോടത്ത് വാർഷിക പരിപാടികൾ ഉൽഘാടനം ചെയ്തു.

ചടങ്ങിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. റ്റി. റ്റി. ചാക്കോ അദ്ധ്യക്ഷത വഹിച്ചു. കേരള റീജിയൽ കോ. ഓർഡിനേഷൻ കമ്മിറ്റി





സെക്രട്ടറി ബ്ര. സി. സി. ജയിംസ് അനുഗ്രഹപ്രഭാഷണം നടത്തി.

റവ. ഫാ. ഡോക്ടർ മാത്യു വാഴയിൽ ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ മംഗലൻ വി. കുർബ്ബാന അർപ്പിച്ചു. പാലക്കാട് എ.സി പ്രസിഡന്റും സി. സി. ജോ സെക്രട്ടറിയുമായ ബ്ര. റ്റി. റ്റി. പ്രതിനിധി ഔസേഫ് സ്വാഗതം ആശംസിച്ചു. ഡി. ഡി. വനിതാ പ്രതിനിധി ക്ലാര. എം. ഏബ്രഹാം ബൈബിൾ പാരായണം നടത്തി. ബ്ര. സെബാസ്റ്റ്യൻ സ്കറിയ റിപ്പോർട്ട് വായിച്ചവതരിപ്പിച്ചു. ചികിത്സ, വിദ്യാഭ്യാസം സ്വയം തൊഴിൽ, ഭവനനിർമ്മാണം, ഭക്ഷ്യസഹായം തുടങ്ങിയ മേഖലകളിൽ 10, 86, 824 രൂപതയിലെ 59 കോൺഫറൻസുകൾ വഴി പാവപ്പെട്ടവർക്കായി ചെലവഴിച്ചു.

ടിന്നിംഗ് സറണ്ടർ, പുതിയ കോൺഫറൺസുകളുടെ രൂപീകരണവും അംഗീകാരവും; തൊഴിലവസരങ്ങൾ വളർത്തിയെടുക്കുന്നിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉപകരിക്കുന്ന ലോൺ സ്ക്കീമുകൾ ഉൾപ്പെടെയുള്ള പ്രോജക്ടുകളെപ്പറ്റിയും വിവിധ തരത്തിലുള്ള വിദ്യഭ്യാസ സ്കോളർഷിപ്പു കളെ സംബന്ധിച്ചും സി. സി. പ്രസിഡന്റ് വിശദീകരിച്ചു സംസാരിച്ചു. സി. സി. സെക്രട്ടറി നന്ദിപറഞ്ഞു. 3.30ന് സമാപനപ്രാർത്ഥനയോടെ പരിപാടികൾ അവസാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ മംഗലൻ,**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്, ഡി.സി.സി.

## ജീസസ് യൂത്ത്

ആത്മാവിന്റെ വരദാനം ഈ പുതുവർഷത്തിൽ എല്ലാവരിലും വർഷിക്കപ്പെടട്ടെയെന്നു പ്രാർത്ഥിക്കുന്നു. ജീസസ് യൂത്തിന്റെ ഈ നവ വർഷത്തിലെ എല്ലാ പരിപാടികളും ദൈവത്തിനു സമർപ്പിക്കാം.

**Sharing Day**

കേരള ജീസസ് യൂണിന്റെ ആനിമേറ്റർ ഫാ.ടോമി ഫിലിപ്പ് തന്റെ ആത്മീയാനുഭവങ്ങൾ പാലക്കാട് സോണിലെ ജീസസ് യൂത്ത് അംഗങ്ങൾക്കു വേണ്ടി പങ്കുവച്ചു. നവംബർ 29 ന് ധോണി സെന്റ് ജയിംസ് ദ ഗ്രേറ്റ് പള്ളിയിൽ നടന്ന പരിപാടിയിൽ എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നുമായി 46 യുവജനങ്ങൾ പങ്കെടുത്തു. കെ വൈ .സി റ്റി മെമ്പർമാരായ സാനിയും സെന്നിയും റീജന്റ് ബ്ര. ബ്ലിന്റും ക്ലാസ്സുകൾ നയിച്ചു. ക്ലാസ്സ് നടത്താൻ സൗകര്യം ഒരുക്കി തന്ന വികാരി ഫാ. ജേക്കബ് മാവുങ്കലിനേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

**ക്രിസ്തുമസ് ആഘോഷം**

അകത്തേത്തറ എൻ.എസ്.എസ് കോളേജിലെ ജീസസ് യൂത്ത് അംഗങ്ങൾ ഡിസംബർ പതിനാറിന് ക്രിസ്തുവിന്റെ തിരുപിറവി ആഘോഷിച്ചു. റീജന്റ് ബ്ര. ബ്ലിന്റ് സന്ദേശം നൽകി. ഡിസംബർ പത്തൊമ്പതിനു ശ്രീകൃഷ്ണപുരം കോളേജിലെ ജീസസ് യൂത്ത് അംഗങ്ങൾ ക്രിസ്തുമസ് ആഘോഷത്തിനായി ഒരുമിച്ചു കൂടി.

**Aslame 2009**

ശ്രീകൃഷ്ണപുരം സെന്റ് ജോസഫ് ദേവാലയത്തിൽ ജനുവരി മുപ്പത്തൊന്ന് ജീസസ് യൂത്ത് അംഗങ്ങൾക്ക് ഏകദിന ധ്യാനം നടത്തുന്നു.

**Your meet -Jordhan**

ജനുവരി 24,25,26 തിയതികളിൽ നവാഗതർക്കായി തൃശൂർ സോണിലെ ജോർദ്ദാനിൽ ക്യാമ്പ് ഉണ്ടായിരിക്കും.

ഏവർക്കും ഒരിക്കൽ കൂടി ആശംസകൾ നേർന്നുകൊണ്ട്

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, ജീസസ് യൂത്ത്



## തിരുബാലസഖ്യം

**തിരുബാലസഖ്യം രൂപതാ കലോത്സവം**

തിരുബാലസഖ്യത്തിന്റെ രൂപതാ തല മത്സരങ്ങൾ നടത്തപ്പെടുന്നത് ഫെബ്രുവരി 14-ാം തിയ്യതി ശനിയാഴ്ചയാണ്. ഫൊറോന തല മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാവുന്നതാണ്. മത്സരങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ നവംബർ, ഡിസംബർ മാസങ്ങളിലെ രൂപതാ ബുള്ളറ്റിനിൽ നിന്നും മനസ്സിലാക്കേണ്ടതാണ്.

മത്സര ദിനമായ ഫെബ്രുവരി 14-ാം തിയതി രാവിലെ 9.00 മണിക്ക് തന്നെ പാസ്റ്ററൽ സെന്ററിലെത്തി പേര് രജിസ്റ്റർ ചെയ്ത് ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്. ഉച്ചഭക്ഷണം ആവശ്യമുള്ളവർ കുട്ടികൾക്ക് 12 രൂപയും മുതിർന്നവർക്ക് 20 രൂപയും നൽകി അന്നേദിവസം രാവിലെ തന്നെ പേര് നൽകേണ്ടതാണ്.

**തിരുബാല സഖ്യദിനം: ഫെബ്രുവരി 8 ഞായർ**

തിരുബാലസഖ്യദിനമായ ഫെബ്രുവരി 8-ാം തിയതി ഞായറാഴ്ച എല്ലാ യൂണിറ്റുകളിലും തിരുബാലസഖ്യദിനം സമുചിതമായി ആഘോ





ഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം വി. കുർബ്ബാന മദ്ധ്യേ തിരുബാലസഖ്യ അംഗങ്ങളുടെ ഗാനശുശ്രൂഷ, ബൈബിൾ പാരായണം, കാഴ്ച സമർപ്പണം എന്നിവയും സൺഡേസ്കൂൾ കേന്ദ്രീകരിച്ച് തിരുബാലസഖ്യ അംഗങ്ങളുടെ കലാപരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. തിരുബാലസഖ്യദിനാചരണം മോടിയാക്കുവാൻ ബഹു. വികാരിയച്ചന്മാരുമായി ആലോചിച്ച് ബഹു. ആനിമേറ്റേഴ്സ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. തിരുബാലസഖ്യദിനത്തിന്റെ പോസ്റ്ററുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

**ഫാ. ജോബി കുന്നത്തേട്ട്**
ഡയറക്ടർ, തിരുബാലസഖ്യം



## മാതൃസംഘം

**മാതൃസംഘം വാർഷിക ജനറൽ ബോഡി**

2008 വർഷം വിടപറയുകയാണല്ലോ. പ്രവർത്തന വർഷ അവലോകനവും വാർഷിക ജനറൽ ബോഡി മീറ്റിംഗും 2008 ഡിസംബർ 13 ന് രണ്ടാം ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർജേക്കബ് മനത്തോടത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാതൃസംഘം 2009 ലെ പ്രവർത്തനമാർഗ്ഗരേഖ 'കനലുകൾ' അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി ഷാജു മാർഗ്ഗരേഖ ഏറ്റു വാങ്ങി. 215 ഓളം ഔദ്യോഗിക ഭാരവാഹികൾ പങ്കെടുത്ത പ്രസ്തുത മീറ്റിംങ്ങിൽ രൂപതാ ഡയറക്ടർ ഫാദർ ജോർജ് പെരുമ്പിള്ളിൽ സ്വാഗതവും രൂപതാ സെക്രട്ടറി ശ്രീമതി റോസ് ഷോംബി വാർഷിക റിപ്പോർട്ടും രൂപതാ ട്രഷറർ ശ്രീമതി ജെസ്സി സോജൻ വാർഷിക കണക്കുകളും അവതരിപ്പിച്ചു. ജനറൽ ബോഡി അംഗങ്ങൾക്ക് വചനാധിഷ്ഠിതമായ കുടുംബ ജീവിതം എന്ന വിഷയത്തെ അധികരിച്ച് മുഖ്യപ്രഭാഷണം റവ. സി ലിറ്റിൽ ഫ്ളവർ C.S.N (അമ്മ മാസിക, ആലുവ) നടത്തി.

മാതൃസംഘം പാലക്കാട് രൂപത 2009 വർഷത്തെ "വിശ്വാസദൃഢതാ" വർഷമായി പ്രഖ്യാപിച്ചു. വർഷത്തെ പ്രവർത്തനമാർഗ്ഗരേഖ 'കനലുകൾ' രൂപതാ ഡയറക്ടർ അവതരിപ്പിച്ചു. ചാരം മൂടി കിടക്കുന്ന വിശ്വാസകനലുകൾ ഊതി പ്രോജ്ജ്വലിപ്പിക്കാൻ ഏവരേയും ആഹ്വാനം ചെയ്തു

**രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

ഫൊറോനയിൽ നിന്ന് നൽകിയ പാനൽ അംഗങ്ങളിൽ നിന്ന് 2009-2010 വർഷങ്ങളിലേയ്ക്കുള്ള രൂപതാ ഭാരവാഹികളെ ഔദ്യോഗികമായി

തിരഞ്ഞെടുത്തു.

**രൂപതാ ഭാരവാഹികൾ**

പ്രസിഡണ്ട് - ശ്രീമതി ബീനാ ജോസഫ് ചക്കുങ്ങൽ ഒലവക്കോട്
വൈസ് പ്രസിഡണ്ട് -ശ്രീമതി വത്സമ്മ ബേബി പുതിയിടം മംഗലംഡാം
സെക്രട്ടറി ശ്രീമതി എത്സമാത്യു കണ്ണംമ്പള്ളിൽ കൂനത്തറ
ജോയിന്റ് സെക്രട്ടറി ശ്രീമതി ലാലി കുഞ്ഞുമോൻ കല്ലാനിക്കുന്നേൽ പെരി
മ്പിടാരി, മണ്ണാർക്കാട്
ട്രഷറർ- ശ്രീമതി റെസ്സി സെബാസ്റ്റ്യൻ കൊണ്ടമല, പട്ടാമ്പി

പുതിയ നേതൃത്വനിരയ്ക്ക് ഹൃദ്യമായ സ്വാഗതം 2007-2008 വർഷത്തെ ഭാര
വാഹികളെ രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുത്തു.
ശ്രീമതി മേഴ്സി ഷാജു വല്ലയിൽ (കടമ്പഴിപ്പുറം),ശ്രീമതി റോസ് ഷോംബി
(കഞ്ചിക്കോട്), ശ്രീമതി ജെസി സോജൻ (മാങ്കുറിശ്ശി)
കോയമ്പത്തൂർ മേഖലയിലെ 3 ഫൊറോനകളിൽ നിന്നും താവളം, വടക്ക
ഞ്ചേരി, കാഞ്ഞിരപ്പുഴ, പാലക്കാട് എന്നീ ഫൊറോനകളിൽ നിന്ന് ഓരോ
വ്യക്തികളെ കൂടി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായി നിയമിക്കുന്നതാ
ണ്. ഫൊറോന ഘടകം നിർദ്ദേശിക്കുന്ന വ്യക്തികളുടെ പേരുകളും 2009
ജനുവരി 31 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ രേഖാമൂലം അറിയിക്കുക.

**ഇടയനോടൊത്ത്**

2008 ഡിസംബർ 22-ാം തീയതി പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ
ജേക്കബ് മനത്തോടത്തു പിതാവിനെ രൂപതാ മാതൃസംഘം ഭാരവാഹികൾ
(2007-2008&2009-2010) സംയുക്തമായി സന്ദർശിക്കുകയും ക്രിസ്മസ് പുതു
വത്സര ആശംസകൾ നേരുകയും ചെയ്തു. സ്ഥാനമൊഴിയുന്ന ഭാരവാഹി
കൾക്ക് പിതാവ്, നന്ദിപറഞ്ഞു. പുതിയ ഭാരവാഹികൾക്ക് അനുമോദനവും
ആശംസകളും നേർന്നു. 'കനലുകൾ' പ്രവർത്തനമാർഗ്ഗരേഖ മഹത്തരമാ
ണെന്നും അത് അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിച്ചാൽ കുറെയൊക്കെ
വിജയിക്കാൻ കഴിയുമെന്നും പിതാവ് സൂചിപ്പിച്ചു.

**2009 ലെ മാതൃസംഘം പ്രവർത്തനമാർഗ്ഗരേഖ**

## കനലുകൾ

**വിശ്വാസ ദൃഢതാ വർഷം 2009**

വിശ്വാസവളർച്ച ആത്മശാക്തീകരണത്തിലൂടെ
"കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ
പ്രാപിക്കും."
ലക്ഷ്യം: 'വിശ്വാസത്യാഗത്തിൽ നിന്ന് വിശ്വാസജീവിത തീഷ്ണതയിലേ
യ്ക്ക്- വ്യക്തികൾ, കുടുംബം, സമൂഹം, രാഷ്ട്രം
മാർഗ്ഗം:- ഇസ്രായേൽജനം ഈജിപ്ത് അടിമത്തം - മരുഭൂമി അനുഭവം -





കാനാൻദേശം.
-ആധുനികസഭാമക്കൾ - രക്തസാക്ഷികളുടെ അഭാവം - വിശ്വാസത്യാഗം.
വിശ്വാസദൃഢത-ക്രിസ്തുവിൽ ഒന്നാകേണ്ടതിന്-ആന്തരികശാക്തീക
രണത്തിലൂടെ.

**വിശ്വാസോത്സവ് 2009 ഫൊറോനകളിൽ**

ഫൊറോനതലങ്ങളിൽ സംഘടിപ്പിക്കുന്ന വിശ്വാസാനുഭവ സെമിനാറുകൾ,
ചർച്ചകൾ:
2009 മാർച്ച് - കോയമ്പത്തൂർ മേഖല
2009 ഏപ്രിൽ - താവളം ഫൊറോന
2009 മെയ് - മണ്ണാർക്കാട് ഫൊറോന
2009 ജൂലൈ - കാഞ്ഞിരപ്പുഴ ഫൊറോന
2009 ആഗസ്റ്റ്- ഒലവക്കോട് ഫൊറോന
2009 സെപ്തംബർ - പാലക്കാട് ഫൊറോന
2009 ഒക്ടോബർ - ഒറ്റപ്പാലം ഫൊറോന
2009 നവംബർ - വടക്കഞ്ചേരി ഫൊറോന
2009 ഡിസംബർ - മേലാർക്കോട് ഫൊറോന

**2009 ജനുവരി**

പുതുവർഷപ്പുലരി -വിശ്വാസദൃഢപ്രതിജ്ഞ
വിശ്വാസത്തിന്റെ വേരുകൾ
മുറിച്ചു നീക്കപ്പെടുന്ന ദൈവമനുഷ്യബന്ധങ്ങൾ.
സാമൂഹ്യസമ്മർദ്ദത്താൽ നഷ്ടപ്പെടുന്ന വിശ്വാസമൂല്യങ്ങൾ
തിരുനാളുകൾ - വിശ്വാസപ്രഘോഷണമാധ്യമം.
മതാത്മക ജീവിതത്തിലെ വൈരുദ്ധ്യങ്ങൾ?
വിശ്വാസം ആചാരമല്ല, ജീവിതമാണ് - വിശ്വാസവും മതങ്ങളും.
2009 ജനുവരി 31 - യൂണിറ്റ് അഫിലിയേഷൻ രൂപതയിൽ നല്കേണ്ട അവ
സാനതീയതി.

**2009 ഫെബ്രുവരി**

വിശ്വാസത്യാഗം - യാഥാർത്ഥ്യം! പ്രതിവിധികൾ?
പൂർവ്വികർ നെഞ്ചോടുചേർത്തുവച്ച വിശ്വാസ നെരിപ്പോടുകൾ.
ഫെബ്രുവരി 12 ലോക വിവാഹദിനം
ഫൊറോനതല മാതൃസംഘം എക്സിക്യൂട്ടീവ് മീറ്റിംഗുകൾ

**2009 മാർച്ച്**

പ. മറിയം : വിശ്വസിച്ചവൾ ഭാഗ്യവതി - മംഗളവാർത്ത
വി. യൗസേപ്പ് : വിശ്വസിച്ചവൻ ഭാഗ്യവാൻ - ദർശനം
വിശ്വാസനിസംഗത വലിയ ആപത്ത്, പരിണിതഫലം നിരീശ്വരത്വം

വി. പൗലോസിന്റെ ആത്മാഭിമാനം.
മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനം

**2009 ഏപ്രിൽ**

വിശ്വാസം പ്രയോഗിക ജീവിതത്തിൽ
ഹെബ്രാ. 11:1 – അനുദിനജീവിതാനുഭവം
എല്ലാ വിശ്വാസങ്ങളും തുല്യമാണെന്ന മിഥ്യാവബോധം. ക്രൈസ്തവ
വിശ്വാസത്തിന്റെ അനന്യത.
അബ്രാഹം – വിശ്വാസികളുടെ പിതാവ് – പ്രഥമ സ്ഥാനം ആർക്ക്?
സൃഷ്ടി 2009 (മാതൃസംഘം കയ്യെഴുത്തുപ്രതി) മത്സരത്തിനുള്ള
യൂണിറ്റുകളിൽ എഡിറ്റോറിയൽ ബോർഡ് രൂപീകരണം.

**2009 മെയ്**

വിശ്വാസവും ഉപഭോഗ സംസ്കാരവും
ആധുനിക മനുഷ്യന്റെ സ്വാർത്ഥതയുടെ ക്രിസ്തീയത.
പ്രബന്ധം: വി. പൗലോസിന്റെ ലേഖനങ്ങളിലെ സ്ത്രീ സങ്കല്പം
മെയ് 15 അന്താരാഷ്ട്ര കുടുംബദിനം
മെയ് 8 വെള്ളി ലോക മാതൃദിനം
മെയ് 10 ഞായർ മാതൃദിനം രൂപതാതലാഘോഷങ്ങൾ

**2009 ജൂൺ**

അമ്മമാർ വിശ്വാസത്തിന്റെ അനർഗ്ഗള നീർച്ചാലുകൾ
അമ്മമാരിലൂടെ കൈമാറേണ്ട വിശ്വാസ പൈതൃകം – ഇതിലെ മാർഗ്ഗ
ഭ്രംശങ്ങൾ?
ജൂൺ 27 ശനി മാതൃസംഘം അർദ്ധ വാർഷിക ജനറൽ ബോഡി.
സാവൂളിൽനിന്ന് പൗലോസിലേയ്ക്കുള്ള മാനസാന്തരദൂരം.

**2009 ജൂലൈ**

ചാരം മൂടിയ വിശ്വാസകനലുകൾ
വി. തോമാശ്ലീഹായുടെ വിശ്വാസധീരത, തീഷ്ണത.
അന്യം നിന്ന് പോകുന്ന വിശ്വാസപാരമ്പര്യങ്ങൾ, ആചാരങ്ങൾ, കുടുംബാ
ഘോഷ ങ്ങൾ വാണിജ്യവല്ക്കരണത്തിലേയ്ക്ക് വഴി മാറുന്നു– ബന്ധങ്ങൾ
ശിഥിലമാകുന്നു.

**2009 ആഗസ്റ്റ്**

വിശ്വാസവും ഇന്ത്യൻ ഭരണഘടനയും
മതേതരത്വം = മതസ്വാതന്ത്ര്യം ≠ നിരീശ്വരത്വം
വിശ്വാസജീവിതത്തിലെ വെല്ലുവിളികൾക്ക് പരിഹാരം വിശ്വാസദൃഢതയും
സ്ഥിരതയും.
വചനാഗ്നി ഉജ്ജ്വലിപ്പിക്കേണ്ട കുടുംബ കൂട്ടായ്മകൾ





**2009 സെപ്തംബർ**

വിശ്വാസം സഹനപാതയിൽ മാറ്റുരയ്ക്കപ്പെടുന്നു.
പഴയ ഇസ്രായേൽ – ഈജിപ്തിൽ നിന്ന് മരുഭൂമിയിലൂടെ കാനാൻദേശം.
ആദിമസഭാസമൂഹം – കുരിശുയുദ്ധങ്ങൾ – രക്തസാക്ഷികളുടെ ചുടുനിണം,
വളർച്ച.
പുതിയ ഇസ്രായേൽ – വിശ്വാസപ്രതിസന്ധി യുദ്ധങ്ങൾ രക്തസാക്ഷി
കളുടെ അഭാവം– വിശ്വാസദൃഢത അനിവാര്യം.
ഡിബേറ്റ് : വി. പൗലോസ് ശ്ലീഹ–സ്തീ വിരോധിയോ അല്ലയോ?
ഫൊറോനതല സാഹിത്യ കലാമത്സരങ്ങൾ
സൃഷ്ടി 2009 (മാതൃസംഘം കയ്യെഴുത്തു പ്രതി) രൂപതയിൽ സമർപ്പി
ക്കേണ്ട അവസാനതീയതി 2009 സെപ്തംബർ 30.

**2009 ഒക്ടോബർ**

വിശ്വാസ ജീവിതവും കുടുംബപ്രാർത്ഥനയും
തെറ്റിദ്ധരിക്കപ്പെടുന്ന, വഴിതെറ്റിക്കുന്ന മാധ്യമലോകം.
ജപമാല വിശ്വാസ ജീവിതത്തിന്റെ ശക്തി.
ബൈബിൾ പൊതുവിജ്ഞാനക്വിസ്, രൂപതാതല സാഹിത്യമത്സരങ്ങൾ–
2009 ഒക്ടോബർ 10 ശനി

**2009 നവംബർ**

ഇന്ന് – പൂർവ്വികരുടെ സൗജന്യദാനം; നാളെ – എന്റെ ദൈവിക പദ്ധതി
കളുടെ ഫലം.
അസ്വസ്ഥനായ മനുഷ്യനും വിശ്വാസ പ്രതിസന്ധിയും.
പരലോകം മറന്ന് പരതി നടക്കുന്ന മനുഷ്യൻ.
മരണാനന്തര ജീവിതത്തിലുള്ള വിശ്വാസക്കുറവ്–പരിണതഫലം?
അനിശ്ചിതത്വം.
മാതൃസംഘം രൂപതാതല മത്സരങ്ങൾ 2009 നവംബർ 21 ശനിയാഴ്ച.
മത്സര രജിട്രേഷൻ അവസാനതീയതി 2009 നവംബർ 15, 5pm മുമ്പ്

**2009 ഡിസംബർ**

ക്രിസ്തുമസ് – വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും.
മനുഷ്യാവതാരം – മനുഷ്യരക്ഷയ്ക്ക്
ഡിസംബർ 12 ശനിയാഴ്ച മാതൃസംഘം രൂപതാതല ജനറൽ ബോഡി.
ഡിസംബർ 27 ഞായർ കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ.
വർഷാവസാനം – വിശ്വാസ സ്ഥിരതയുള്ള, തീക്ഷ്ണതയുള്ള മനുഷ്യൻ
പ്രത്യാശയോടെ പുതുവർഷത്തിലേയ്ക്ക് 2010.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



## ജീസസ് ഫ്രേറ്റേണിറ്റി

യേശു സാഹോദര്യത്തിന്റെ ചൈതന്യത്തോടെ ജീസസ് ഫ്രേറ്റേണിറ്റി വിവിധ ജയിലുകളിൽ ക്രിസ്തുമസ് ആഘോഷങ്ങൾ സമുചിതമായ വിധത്തിൽ സംഘടിപ്പിച്ചു.

ഡിസം. 20ന് ഉച്ചകഴിഞ്ഞ് 2.30ന് പാലക്കാട് സ്പെഷ്യൽ സബ് ജയിലിൽ ക്രിസ്തുമസ് ആഘോഷം നടന്നു. അഭിവന്ദ്യ പിതാവ് ക്രിസ്തുമസ് സന്ദേശം നൽകി. Legal Aid Clinic Advocate, Mr. Jayaraj, പേരൂർ രാജഗോപാലൻ മാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. Asst. Jailer Mr. yohanan, Deputy Superintent, Mr. Rahim എന്നിവർ പ്രസംഗിച്ചു. ജയിൽ സൂപ്രണ്ട് Mr. Mathewവിന്റെ വാക്കുകൾ അധികാരികളുടെ ആത്മാർത്ഥതയുടെ വേറിട്ട വാക്കുകളായിരുന്നു. Jayamatha College Pkd., Assisi School Kanjikode എന്നിവിടങ്ങളിലെ കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ കണ്ണിന് വിസ്മയ കാഴ്ചയൊരുക്കുന്നതും ഉള്ളിന് കുളിരേകുന്നതുമായിരുന്നു. Fr. Martin Thattil ഏവർക്കും നന്ദിപ്രകാശിപ്പിച്ചു.

ഡിസം. 20ന് ഉച്ചയ്ക്ക് 2 മണിക്ക് Fr. Joby Kunnathettന്റെ നേതൃത്വത്തിൽ ചിറ്റൂർ സബ് ജയിലിൽ ആഘോഷ പരിപാടികൾ അരങ്ങേറി. ബഹുമാനപ്പെട്ട സൂപ്രണ്ട് അധ്യക്ഷത വഹിച്ചു. കുട്ടികളുടെ കലാപരിപാടികളും, തത്തമംഗലം യൂണിറ്റിന്റെ കെ.സി.വൈ.എം. കരോളും പരിപാടികൾക്ക് കൊഴുപ്പേകി. ASMI Sisters, Snehagiri Sisters, F.C.C. Sisters, Holy Family & S.A.B.S.Sistersന്റെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

ഡിസം. 23ന് ഉച്ചയ്ക്ക് 3 മണിക്ക് ആലത്തൂർ സബ് ജയിലിൽ ക്രിസ്തുമസ് പരിപാടികൾ ആരംഭിച്ചു. Superintent Mr. Ravi ഏവർക്കും സ്വാഗതം ആശംസിച്ചു. Fr. Martin Thattil ക്രിസ്തുമസ് സന്ദേശം കൈമാറി. ആലത്തൂർ, മംഗലംഡാം, മേലാർക്കോട് എന്നിവിടങ്ങളിലെ കുട്ടികളുടെ കലാപരിപാടികൾ കണ്ണിന് വർണ്ണ കാഴ്ചയൊരുക്കി. Asst. Jailer Mr.Madhavan ഏവർക്കും നന്ദിപ്രകാശിപ്പിച്ചു.

പാലക്കാട് രൂപതയിലെ തടവറ പ്രേഷിത പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിക്കുന്ന ഏവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, ജീസസ് ഫ്രേറ്റേണിറ്റി







## നവീകരണ മുന്നേറ്റം

**ഹോം മിഷൻ**

മൈലംപുള്ളി ഇടവകയിൽ ധ്യാനത്തിനൊരുക്കമായി സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.

**പി.എസ്.ടി.**

പാലക്കാട് സർവ്വീസ് ടീം ഡിസംബർ 15 തിങ്കളാഴ്ച റവ. ഫാ. ബിനോയ് കരിമരുതിങ്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി.

**കൗൺസിലിംഗ് കോഴ്സ്**

കുളത്തുവയൽ ടീമിന്റെ നേതൃത്വത്തിൽ ഡിസംബർ 18 മുതൽ 23വരെ യുവക്ഷേത്രയിൽ വെച്ചു നടത്തുന്ന കൗൺസിലിംഗ് കോഴ്സിൽ 60 പേർ സംബന്ധിച്ചു.

**ഏകദിന ധ്യാനം**

ജനുവരി 3 ശനിയാഴ്ച കല്ലടിക്കോട് ദേവാലയത്തിൽ വെച്ച് ഏകദിന കൺവെൻഷൻ നടത്തുന്നതായിരിക്കും.

**ജാഗരണപ്രാർത്ഥന**

എല്ലാ മാസാവസാന വെള്ളിയാഴ്ചയും നടത്തുന്ന ജാഗരണ പ്രാർത്ഥന ജനുവരി 30ന് കത്തീഡ്രൽ പള്ളിയിൽ വെച്ച് രാത്രി 7 മണിമുതൽ പിറ്റേ ദിവസം രാവിലെ 5 മണി വരെ നടത്തുന്നു.

സോണൽ ഡയറക്ടർ റവ. ഫാ. ബിനോയി കരിമരുതിങ്കലും ടീമും ജനുവരി 11 മുതൽ 14 വരെ യാക്കര ദേവാലയത്തിൽ വെച്ച് നടത്തുന്ന ഇടവക ധ്യാനത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെ.

**പരീക്ഷാ ഒരുക്കധ്യാനം**

ജനുവരി 26 തിങ്കളാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് ഏകദിന പരീക്ഷാഒരുക്കധ്യാനം ഉണ്ടായിരിക്കും. പരീക്ഷയ്ക്കായ് ഒരുങ്ങുന്ന എല്ലാവരേയും പ്രത്യേകമായി ക്ഷണിക്കുന്നു.

**ഫാ. ബിനോയി കരിമരുതിങ്കൽ**
ഡയറക്ടർ, നവീകരണ മുന്നേറ്റം



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനംനയിക്കുന്നത് |
|---|---|---|
| ജനു. | 11 – 16 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജനു. | 18–23 | ദമ്പതീധ്യാനം.<br>ഫാ. സോജി ഓലിക്കൽ |
| ജനു. | 25–30 | ആന്തരിക സൗഖ്യധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 – 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്.**

**നയിക്കുന്നത് ഫാ. സേവ്യർഖാൻ വട്ടായിൽ**

ജനുവരി 4 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജനുവരി 17 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണി വരെ ഏകദിന കൺവെൻഷൻ.

ജനുവരി 18 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**സെഹിയോൻ ടെലിവിഷൻ അവതരിപ്പിക്കുന്നു.**

1. “അഭിഷേകാഗ്നി” ശാലോം ടിവിയിൽ എല്ലാ ഞായറാഴ്ചയും രാത്രി 8.30 മുതൽ 9.00 വരെ. പുനഃസംപ്രേഷണം വെള്ളിയാഴ്ച രാവിലെ 11.00 മുതൽ 11.30 വരെയും, ഗൾഫ് എഡിഷനിൽ ശനിയാഴ്ച രാത്രി 1.30 മുതൽ 2.00 വരെ.
2. “മാറാനാത്ത” ജീവൻ ടിവിയിൽ എല്ലാ ശനിയാഴ്ചയും രാവിലെ 6.00 മുതൽ 6.30 വരെ.
3. “റാഫാ യഹോവ” തൽസമയ സംപ്രേഷണം മൂൺ ടിവിയിൽ (അട്ടപ്പാടി) എല്ലാ ആദ്യവെള്ളിയാഴ്ചയും പകൽ 11.30 മുതൽ 1.30 വരെ. വൈകിട്ട് 5 മുതൽ 7മണിവരെ.
4. “റാഫാ യഹോവ”– എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6.30 മുതൽ 7.00 മണി വരേയും എ.സി.വിയിൽ. എല്ലാ ചൊവ്വാഴ്ചയും രാത്രി 7.30 മുതൽ 8 മണിവരെ യു.ടി.വിയിൽ.
5. സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ടെലിവിഷൻ പ്രോഗ്രാമുകളായ അഭിഷേകാഗ്നി, മാറാനാത്ത, റാഫാ യഹോവ തുടങ്ങിയവ google videosൽ ലഭിക്കുന്നതാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.





# കെ. സി. എസ്. എൽ

**കെ.സി.എസ്.എൽ. കലോത്സവവും ദിനാചരണവും**

കെ.സി.എസ്.എൽ രൂപതാ കലോത്സവവും 92–ാം വാർഷിക ദിനാഘോഷ പരിപാടികളും ഡിസംബർ 8–ാം തിയ്യതി സമാപിച്ചു. പാസ്റ്ററൽ സെന്ററിൽ വെച്ചുനടന്ന കലോത്സവം രൂപത പ്രസിഡന്റ് ശ്രീ. കെ.ടി. ജോസഫ് ഉദ്ഘാടനം ചെയ്തു. രൂപതയിലെ എല്ലാ സ്കൂളികളിൽനിന്നുമുള്ള അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് പാലക്കാട് മേഴ്സി കോളേജ് പ്രിൻസിപ്പൽ സി. കൃപ CMC സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ കലോത്സവത്തിൽ ഒന്നാം സമ്മാനത്തിനർഹരായ കുട്ടികൾക്ക് ജനുവരി 10–ാം തിയ്യതി ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ വെച്ച് നടക്കുന്ന സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ വിജയികളായവരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

**ലളിതഗാനം എച്ച്. എസ്സ്. എസ്സ്. പെൺകുട്ടികൾ**

Ist ആൻ റോഷൻ ജോസ്, കാണിക്കമാതാ, പാലക്കാട്
IInd ലിനി തോമസ്, സെന്റ് തോമസ്, ഒലവക്കോട്
IIIrd ബിബിൾ ജോസഫ്, അസ്സീസി, കഞ്ചിക്കോട്

**ലളിതഗാനം എച്ച്. എസ്സ്. എസ്സ്. ആൺകുട്ടികൾ**

Ist ടിജു ജോസഫ്, സെന്റ് തോമസ്, ഒലവക്കോട്

**ലളിതഗാനം ഹൈസ്കൂൾ പെൺകുട്ടികൾ**

Ist റീബ റപ്പായി, ചെറുപുഷ്പം, വടക്കഞ്ചേരി
IInd ടോമ്സി മോൾ തോമസൺ, സെന്റ് തോമസ്, ഒലവക്കോട്
IIIrd മരിയ, സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം

**ലളിതഗാനം ഹൈസ്കൂൾ ആൺകുട്ടികൾ**

Ist ഷാരോൺ ടോമി, ലൂർദ്ദ് മാതാ, മംഗലഡാം
IInd നോബിൾ ജെയിംസ്, സെന്റ് തോമസ്, ഒലവക്കോട്
IIIrd ഷിബിൻ എം. ഷാജി, അസ്സീസി, കഞ്ചിക്കോട്

**ലളിതഗാനം യു. പി. പെൺകുട്ടികൾ**

Ist ലിയ. എം. ജോസ്, സെന്റ് തോമസ്, ഒലവക്കോട്
IInd ടിജി ആൻണി, ലൂർദ്ദ് മാതാ, മംഗലഡാം
IIIrd അലീന അജി, കാർമ്മൽ, പാലക്കയം

**ലളിതഗാനം യു. പി. ആൺകുട്ടികൾ**

Ist അരുൺ. പി. ഷാജി, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ
IInd നിർമ്മൽ, സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
IIIrd ജെസിന്റ ജോസഫ്, ലൂർദ്ദ് മാതാ, മംഗലഡാം

**പാന യു.പി**

Ist ഡാനിയ ജോൺസൺ, സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം
IInd അരുൺ. പി. ഷാജി, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ

IIIrd ടിജി ആൻണി, ലൂർദ്ദ് മാതാ, മംഗലംഡാം

**പാഠ ഹൈസ്കൂൾ**

Ist മരിയ, സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം

IInd റീബ റപ്പായി, ചെറുപുഷ്പം, വടക്കഞ്ചേരി

IIIrd ആൻസി ആന്റോ, വിജയമാതാ & ആൻമരിയ - കാണിക്കമാതാ

**പാഠ എച്ച്. എസ്സ്. എസ്സ്.**

Ist ആൻ റോഷൻ ജോസ്, കാണിക്കമാതാ, പാലക്കാട്

IInd ലിനി തോമസ്, സെന്റ് തോമസ്, ഒലവക്കോട്

IIIrd നിസ ജോർജ്ജ്, ചെറുപുഷ്പം, വടക്കഞ്ചേരി

**കൈയ്യെഴുത്ത് മാസിക യു. പി.**

Ist ചെറുപുഷ്പം, വടക്കഞ്ചേരി

IInd ഹോളി ഫാമിലി യു. പി. കഞ്ചിക്കോട്

**എച്ച്. എസ്സ്. എസ്സ്.**

Ist സെന്റ് തോമസ്, ഒലവക്കോട്

**പ്രസംഗം - മലയാളം എച്ച്. എസ്സ്. എസ്സ്.**

Ist സോണിയ ബാബു, ചെറുപുഷ്പം, വടക്കഞ്ചേരി

IInd റോസ് സ്വീറ്റി, കാണിക്കമാതാ, പാലക്കാട്

IIIrd ടിജു ജോസ്, സെന്റ് തോമസ്, ഒലവക്കോട്

**കദളിക്കാട്ടിൽ പ്രസംഗം H.S.S.**

Ist സോണിയ ബാബു, ചെറുപുഷ്പം, വടക്കഞ്ചേരി

IInd ലിഡാ സാബു, കാണിക്കമാതാ, പാലക്കാട്

**പ്രസംഗം - ഇംഗ്ലീഷ് എച്ച്. എസ്സ്. എസ്സ്.**

Ist കെസിയ. പി. തോമസ്, അസ്സീസി, കഞ്ചിക്കോട്

IInd അനീനാ റോസ് സി. എ., ചെറുപുഷ്പം, വടക്കഞ്ചേരി

IIIrd കിരൺ കുര്യാക്കോസ്, കാണിക്കമാതാ, പാലക്കാട്

**മോണോആക്ട് എച്ച്. എസ്സ്. എസ്സ്.**

Ist സീന മാത്യു, സെന്റ് തോമസ്, ഒലവക്കോട്

IInd ഡിസമിൻ ബേബി, ചെറുപുഷ്പം, വടക്കഞ്ചേരി

IIIrd ആൻസി കെ. ഒ, കാണിക്കമാതാ, പാലക്കാട്

**മോണോആക്ട് ഹൈസ്കൂൾ**

Ist ദിവ്യ മാത്യു, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ

IInd ഷിബിൻ സ്കറിയാസ്, ലൂർദ്ദ് മാതാ, മംഗലംഡാം

IIIrd ചാരു ജോർജ്ജ്, ചെറുപുഷ്പം, വടക്കഞ്ചേരി

**മോണോ ആക്ട് യു.പി**

I എൽസ ഷോബി, വിജയമാതാ ചിറ്റൂർ

II ഡയാനാ ജോസ്, സെന്റ് തോമസ് ഒലവക്കോട്

III മരിയ സെബാസ്റ്റ്യൻ, കാർമ്മൽ, പാലക്കയം

**പ്രസംഗം മലയാളം യു.പി**

I ജോസ്മി ജോസ്, മൗണ്ട് കാർമ്മൽ ജെല്ലിപ്പാറ

II അരുൺ എം. ജോസ്, മംഗലംഡാം, ലൂർദ്ദ്മാത

III രഞ്ജു രാജൻ, സെന്റ് ആൻസ് മുട്ടിക്കുളങ്ങര

**ഫാ. വില്യം പ്രസംഗം യു.പി**

I അജിൻ ജോസ് ഫ്രാൻസിസ്, സെന്റ് തോമസ് കയറാടി

II അനി ആന്റണി, ചെറുപുഷ്പം വടക്കഞ്ചേരി





III എൽസ ഷോബി, വിജയമാതാ ചിറ്റൂർ

**പ്രസംഗം ഇംഗ്ലീഷ് യു.പി**

I ഐറിൻ ബാബു, ചെറുപുഷ്പം, വടക്കഞ്ചേരി

II എൽസ കാപ്പൻ, സെന്റ് ആൻസ് മുട്ടിക്കുളങ്ങര

III അനു ജോസഫ്, സെന്റ് തോമസ് കയറാടി

**പ്രസംഗം മലയാളം ഹൈസ്ക്കൂൾ**

I ദിവ്യ മാത്യു, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ

II സജോയ്സ് ജോസ്, വിജയമാതാ ചിറ്റൂർ

III ചാരു ജോർജ്ജ്, ചെറുപുഷ്പം വടക്കഞ്ചേരി

**ചാവറ പ്രസംഗം ഹൈസ്ക്കൂൾ**

I ജെന്നിഫർ എം.ഡി., മൗണ്ട് കാർമ്മൽ ജെല്ലിപ്പാറ

II സച്ചിൻ ബാബു, ലൂർദ്ദ് മാതാ മംഗലംഡാം

III ബ്ലെസി റാഫി, സെന്റ് പീറ്റേഴ്സ്, കൂക്കംപാളയം

**പ്രസംഗം ഇംഗ്ലീഷ് ഹൈസ്ക്കൂൾ**

I നോബിൾ ജെയിംസ്, സെന്റ് തോമസ്, ഒലവക്കോട്

II ജൂഹി എൽസ ജോർജ്ജ്, ചെറുപുഷ്പം വടക്കഞ്ചേരി

III ഷിബിൻ സ്കറിയാസ്, ലൂർദ്ദ്മാതാ മംഗലം ഡാം

**കഥാപ്രസംഗം യു. പി.**

Ist മരിയ സെബ്യാസ്റ്റ്യൻ, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ

IInd ആനി ആൻണി , ചെറുപുഷ്പം, വടക്കഞ്ചേരി

IIIrd റോഷമിൻ ജോയി, സെന്റ് തോമസ്, കൈരാടി

**ഹൈസ്കൂൾ**

Ist ഐയ്ഞ്ചൽ മേരി ജോജോ, സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം

IInd സിയാ വിൽസൺ, ചെറുപുഷ്പം, വടക്കഞ്ചേരി

IIIrd മേഘനാ മേരി തോമസ്, വിജയമാതാ, ചിറ്റൂർ

**KCSL Anthem HSS**

I അഞ്ജു ജോസ് & പാർട്ട്, സെന്റ് തോമസ് ഒലവക്കോട്

II നിഷ & പാർട്ടി, ചെറുപുഷ്പം വടക്കഞ്ചേരി

III സാലിമോൾ ജോസഫ്, കാണിക്കമാതാ, പാലക്കാട്

**Study Circle HSS**

I അഞ്ജു ജോസ് & പാർട്ടി, സെന്റ്തോമസ്, ഒലവക്കോട്

II റോസ് സ്വീറ്റി & പാർട്ടി, കാണിക്കമാത.

III അൻസീന റോസ് & പാർട്ടി, ചെറുപുഷ്പം

**Study Circle HS**

I ചാരു ജോർജ്ജ് & പാർട്ടി, ചെറുപുഷ്പം, വടക്കഞ്ചേരി

II മഞ്ജു. ജി & പാർട്ടി, സെന്റ് തോമസ്, ഒലവക്കോട്

III അഞ്ജു കെ. തോമസ് & പാർട്ടി, കാണിക്കമാത

**Study Circle UP**

I ഐറിൻ ബാബു & പാർട്ടി, ചെറുപുഷ്പം

II അലീന വിൽസൻ & പാർട്ടി, സെന്റ് തോമസ് ഒലവക്കോട്

III ടിന്റു സെബാസ്റ്റ്യൻ & പാർട്ടി, ലൂർദ് മാതാ

**മാർഗ്ഗംകളി യു.പി**

I ജെസ്‌ലിൻ ബെന്നി & പാർട്ടി, കാണിക്കമാത

**മാർഗ്ഗംകളി എച്ച്.എസ്.**

I ഡിന ഡാനിയേൽ & പാർട്ടി, ചെറുപുഷ്പം, വടക്കഞ്ചേരി
II ജീനു ആന്റണി & പാർട്ടി, കാണിക്കമാത, പാലക്കാട്
III റിനു ഇമ്മാനുവേൽ & സെന്റ് ഡൊമിനിക്, ശ്രീകൃഷ്ണപുരം

**മാർഗ്ഗംകളി എച്ച്.എസ്.എസ്.**

I അനിറ്റ് & പാർട്ടി, ചെറുപുഷ്പം, വടക്കഞ്ചേരി
II നിമിഷ സെബാസ്റ്റ്യൻ, കാണിക്കമാത, പാലക്കാട്

**KCSL Anthem HS**

I സാം ആന്റണി & പാർട്ടി, വിജയമാതാ ചിറ്റൂർ
II ഡിനു ഡാനിയേൽ & പാർട്ടി, ചെറുപുഷ്പം, വടക്കഞ്ചേരി
III ജിജി. ടി. ജോർജ്ജ് & പാർട്ടി, കാണിക്കമാത, പാലക്കാട്

**KCSL Anthem UP**

I എയ്ഞ്ചൽ ബി. മരിയ & പാർട്ടി, വിജയമാത, ചിറ്റൂർ
II ഷിൻ സിബി & പാർട്ടി, ചെറുപുഷ്പം, വടക്കഞ്ചേരി
III അനില മാത്യു & പാർട്ടി. ലൂർദ്മാത, മംഗലംഡാം

**കഥാപ്രസംഗം എച്ച്.എസ്.എസ്.**

I സീന മാത്യു, സെന്റ് തോമസ്, ഒലവക്കോട്
II ജിസ്മി ജോസ്. വടക്കഞ്ചേരി
III കിരൺ കുര്യാക്കോസ്, കാണിക്കമാത

**വ്യക്തിഗത ചാമ്പ്യന്മാർ**

അരുൺ. പി. ഷാജി, മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ (**യു.പി.**)
നോബിൾ ജെയിംസ്, സെന്റ് തോമസ് ഒലവക്കോട് (**ഹൈസ്ക്കൂൾ**)
റീബ റപ്പായ്, ചെറുപുഷ്പം, വടക്കഞ്ചേരി (**ഹൈസ്ക്കൂൾ**)
ആൻ റോഷ്ന ജോസ്, കാണിക്കമാത (**എച്ച്.എസ്.എസ്.**)
സീന മാത്യു, സെന്റ് തോമസ്, ഒലവക്കോട് (**എച്ച്.എസ്.എസ്.**)
സോണിയ ബാബു, ചെറുപുഷ്പം (**എച്ച്.എസ്.എസ്.**)

## Overall Championship

**എച്ച്.എസ്.എസ്**

I സെന്റ് തോമസ്, ഒലവക്കോട്
II ചെറുപുഷ്പം, വടക്കഞ്ചേരി
III കാണിക്കമാത, പാലക്കാട്

**എച്ച്.എസ്.**

I ചെറുപുഷ്പം, വടക്കഞ്ചേരി
II സെന്റ് തോമസ്, ഒലവക്കോട്
III വിജയമാത ചിറ്റൂർ
III മൗണ്ട് കാർമ്മൽ, ജെല്ലിപ്പാറ

**യു.പി**

I ചെറുപുഷ്പം, വടക്കഞ്ചേരി
II വിജയമാത, ചിറ്റൂർ
III ലൂർദ്മാത, മംഗലംഡാം

**ഫാ. ജോബി കുന്നത്തേട്ട്**
ഡയറക്ടർ, കെ.സി.എസ്.എൽ.





# പി. എസ്. എസ്. പി.

2008ലെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾക്ക് ശേഷം 2009ലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ രക്ഷാധികാരിയായ അഭി. മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പ്രസിഡന്റ് മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായി പ്രവർത്തിച്ചുവരുന്ന എല്ലാ വൈദികർക്കും സന്യാസിനീ-സന്യാസികൾക്കും അൽമായ സുഹൃത്തുക്കൾക്കും വിവിധ പദ്ധതികളിലും പ്രോഗ്രാമുകളിലും പങ്കാളികളായ എല്ലാ ഏജൻസികൾക്കും ഗുണഭോക്താക്കൾക്കും പി.എസ്.എസ്.പി. കുടുംബാംഗങ്ങൾ നന്ദി അർപ്പിക്കുകയും പുതുവത്സരാശംസകൾ നേരുകയും ചെയ്യുന്നു. പുതുവർഷം ജനകീയ വികസന പ്രവർത്തനങ്ങൾ കൂടുതൽ വേഗവും കാര്യക്ഷമതയും ഉള്ള ഒന്നാകട്ടെ എന്ന് ആശംസിക്കുന്നു. പലതരത്തിലുള്ള പ്രതിസന്ധികളെ നേരിടേണ്ടിവരുന്ന സഭക്ക് അവളുടെ മുന്നോട്ടുള്ള യാത്ര ഭാസുരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഒത്തൊരുമയോടെ നമുക്ക് മുന്നേറാം.

**സ്ത്രീ ശാക്തീകരണമേഖല**

ജില്ലാ ഫെഡ് 7-1-09 ന് ബുധനാഴ്ച പി. എസ്. എസ്. പിയിൽ വച്ച് നടത്തുന്നു.

**ബ്ലോക്ക്ഫെഡ്**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.1.09 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 11 am |
| 8.1.09 | വ്യാഴം | ആലത്തൂർ | ചെറുപുഷ്പം | 11 am |
| 9.1.09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 pm |
| 13.1.09 | ചൊവ്വ | പാലക്കാട്/മലമ്പുഴ | പി. എസ്. എസ്. പി | 11 am |
| 14.1.09 | ബുധൻ | മണ്ണാർക്കാട് | പിച്ചളമുണ്ട | 11 am |
| 14.1.09 | ബുധൻ | നെന്മാറ | നെന്മാറപാരിഷ്ഹാൾ | 11am |

**റീജിയണൽ ഓഫീസ് ദിവസം**

വ്യാഴം-15.1.09ന് കരിമ്പ പാരിഷ്ഹാൾ 11 am to 2 pm-
ചൊവ്വ-20.1.09ന് സാൻജോസ്വുർ 10 am to 2 pm
ബുധൻ-21.1.09ന് നെന്മാറ പാരിഷ്ഹാൾ 11 am to 2 pm

**SPEDസെമിനാറുകൾ**

SAFP യുടെ സഹായത്തോടെ വിവിധ സംഘങ്ങളിൽ വച്ച് അരദിവസത്തെ സെമിനാറുകൾ നടത്തപ്പെടുന്നു. സത്ഭരണം ഉറപ്പുവരുത്തൽ,പരിസ്ഥിതി സംരക്ഷണം, സ്ത്രീപുരുഷ സമത്വം എന്നീ വിഷയങ്ങളെക്കുറിച്ചാണ് ക്ലാസ്സ് നടത്തപ്പെടുന്നത്.

## CRS-HIV/AIDS സഹായപദ്ധതി

CRS-Clinton Foundation പദ്ധതിയുടെ 2009 ജനുവരി മാസത്തെ പ്രവർത്തന രൂപരേഖ

| S.NO | തിയ്യതി /സമയം | സ്ഥലം | പരിപാടി |
|---|---|---|---|
| 1 | 8/01/2009 10am-5 pm | START,ധോണി | HIVബാധിതർക്കുള്ള സ്വയം തൊഴിൽ പരിശീലനം |
| 2. | 10/01/2009 10am-5 pm | പെരുമാട്ടി | യുവതിയുവാക്കൾക്കുള്ള കരിയർ ഗൈഡൻസ്& വിവാഹ പൂർവ്വ (premarital) സെമിനാർ |
| 3. | 14/01/09 2-4 pm | G HS,വണ്ണാമട | HIV/AIDS ബോധവൽക്കരണ സെമിനാർ |
| 4. | 16/01/09 3-4 .30 pm | പഞ്ചായത്ത് ഹാൾ | കൊഴിഞ്ഞാമ്പാറനിരീക്ഷണ സമിതിയുടെ ത്രൈമാസ അവലോകനയോഗം |
| 5. | 22/01/09 11-12.30pm | പഞ്ചായത്ത് ഹാൾ | പട്ടഞ്ചേരിസ്റ്റിയറിംഗ് കമ്മിറ്റി Follow-up മീറ്റിംഗ് |
| 6. | 24/01/09 10am- 5pm | വണ്ടിത്താവളം | കൗമാരപ്രായക്കാർക്കുള്ള മോട്ടിവേഷൻ ക്യാംപ് |
| 7. | 31/01/09 | പാസ്റ്ററൽ സെന്റർ | HIVബാധിതർക്കുള്ള ഏകദിന ശാക്തീകരണ സെമിനാർ |
| 8. | 31/01/09 | പാസ്റ്ററൽ സെന്റർ | കുട്ടികളുടെ മാസയോഗവും പോഷകാഹാര കിറ്റ് വിതരണവും |
| 9. | 31/01/09 | പാസ്റ്ററൽ സെന്റർ | HIV ബാധിതർക്കുള്ള പോഷകാഹാര കിറ്റ് വിതരണം |





## ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ജൻ ശിക്ഷൻ സൻസ്ഥാൻ (ജെഎസ്എസ്) പാലക്കാട്ജില്ലയിലുടനീളം. 91 പരിശീലന കേന്ദ്രങ്ങളിലൂടെ 1700 തൊഴിലാർത്ഥികൾക്ക് 30 വ്യത്യസ്ത തൊഴിൽ മേഖലകളിൽ പരിശീലനം നൽകി വരുന്നു. ജില്ലയുടെ സമഗ്രവികസനത്തിനാവശ്യമായ വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിച്ചെടുത്തുകൊണ്ടുള്ള മാനവവിഭവശേഷി വികസനമാണ് ഈ സ്ഥാപനം ലക്ഷ്യമിടുന്നത്. അന്യം നിന്നുപോയികൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായ മേഖലക്കു പുതുജീവൻ നൽകുവാനും ആധുനിക വികസന പ്രക്രിയയ്ക്കാവശ്യമായ തൊഴിലാളികളെ പരിശീലിപ്പിക്കുവാനും ജെ.എസ്സ്.എസ്സിനു കഴിയുന്നു. ഗ്രാമീണ സമ്പദ്ഘടനയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ തൊഴിൽ സേനയെ പ്രാദേശിക തലത്തിൽ ആവശ്യാധിഷ്ഠിതമായി പരിശീലിപ്പിച്ച് ഉല്പാദന മേഖലയിലേക്കു നല്കുന്നു. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് 2008 ഡിസംബർ 20 മുതൽ ജനുവരി 31 വരെ താഴെ പറയുന്ന വ്യത്യസ്തട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകുന്നു.

1. കാറ്ററിംഗ്
2. ഫാഷൻ ഡിസൈനിംഗ്
3. ബുക്ക് ബൈന്റിംഗ്
4. കൂൺകൃഷിയും കൂൺ ഉല്പ്പന്നങ്ങളും
5. പ്രകൃതി കൃഷി
6. ഡി. ടി. പി.
7. കംപ്യൂട്ടർ ഹാർഡ് വെയർ
8. ഫാബ്രിക് പെയിന്റിംഗ്
9. ഇരുചക്രവാഹന റിപ്പേറിംഗ്
10. ഓട്ടോ ഇലക്ട്രിഷ്യൻ
11. പേപ്പർ ബാഗ് നിർമ്മാണം
12. വാഴനാരും വാഴനാരുല്പന്നങ്ങളും
13. മൊബൈൽ ഫോൺ റിപ്പയറിംഗ് & സർവ്വീസിംഗ്
14. വീട്ടുപകരണ റിപ്പയറിംഗ് & സർവ്വീസിംഗ്
15. കോഴിവളർത്തൽ
16. ഭക്ഷ്യ സംസ്കരണം
17. സ്ക്വാഷ്, ജാം ഉല്പന്നങ്ങൾ
18. ബേക്കറി ഉല്പ്പന്ന നിർമ്മാണം
19. പാവ നിർമ്മാണം

മുകളിൽ പറഞ്ഞ വിവിധ കോഴ്സുകളിലേക്ക് ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് നേരിട്ട് പ്രവേശനം നൽകുന്നു. അതോടൊപ്പം

പ്രസ്തുത കോഴ്സുകളിൽ പരിശീലനം നൽകുവാൻ താത്പര്യവും, പരിശീലന സംവിധാനവുമുള്ള സ്ഥാപനങ്ങളെ Collaborating Institutions എന്ന നിലയിൽ ജെ.എസ്.എസ്സിന്റെ നിബന്ധനകൾക്ക് വിധേയമായി പരിശീലന പങ്കാളികളാക്കുന്നതാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഭാരത സർക്കാരിന്റെ അംഗീകൃത സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**ഇന്റൻസീവ് റെഡിഡൻഷ്യൽ സ്പോക്കൺ ഇംഗ്ലീഷ് (I.E.L.T.S) കോച്ചിംഗ്**

ആഗോളവൽകൃത ലോകത്ത് അനുയോജ്യമായ തൊഴിൽ ലഭിക്കുക എന്നത് ശ്രമകരമാണ്. തദ്ദേശത്തും വിദേശത്തും തൊഴിലന്വേഷിക്കുന്നവർക്ക് ഇംഗ്ലീഷിലുള്ള നിപുണത അനിവാര്യമാണ്.

കേവലം ഒരാഴ്ച കൊണ്ട് ഇംഗ്ലീഷ് സംസാരിക്കാനുതകുന്ന തരത്തിലാണ് പി.എസ്.എസ്.പി കരിയർ ഗൈഡൻസ് സെൽ സ്പോക്കൺ ഇംഗ്ലീഷ് കോച്ചിംഗ് നടത്തുന്നത്. കൂടാതെ I.E.L.T.S പരിശീലനങ്ങളും നൽകി വരുന്നു. (ഈ പരിശീലനങ്ങൾക്ക് വിദ്യാർത്ഥികളുടെ സൗകര്യമനുസരിച്ചു സമയം ക്രമീകരിക്കാവുന്നതാണ്)

**CAREER GUIDANCE CELL OFPEOPLE'S SERVICE SOCIETY, PALAKKAD OFFERS INTENSIVE RESIDENTIAL COMMUNICATIVE ENGLISH COURSE**

If you are very keen to improve your art of speaking English in particular, here is a golden opportunity for you to learn and communicate in English with confidence within 7 days with correct accent and natural easiness.

**Our Unique Features are.**

Strict and disciplinary coaching schedules, Audio visual facilities to learn the art.
Expert coaching by professionals with experience abroad, Group based variety activities to improve fluency, Special emphasis given to grammar and styles

**Special session focused on**

Personality Development, Carrier Guidance, Interview skills
Public speaking skills, listening skills, Group Discussion Skills, Conversation Skills

**Course Duration :7 days**

Courses starting from February 22 , Batch restrictions are of 20 students
Admissions are accordingly to First come first basis, Minimum qualification SSLC and Above

**Amenities proveided**

Separate living facilities for Gents/Ladies
Course fee includes both food and accommodation (Rs.1500/-)
Only residential candidates are admitted.

**ഫാ. അബ്രാഹം പാലത്തിങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**നവംബർ**

29 വചന വർഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട ബൈബിൾ കൺവെൻഷന് സെന്റ് റാഫേൽ കത്തീഡ്രൽ അങ്കണത്തിൽ സമാപന സന്ദേശം നൽകി.

30. രൂപത വചന വർഷാചരണ സമാപനത്തിന്റേയും വി. അൽഫോൻസായുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെയും സംയുക്ത ആഘോഷ പരിപാടികളോടനുബന്ധിച്ച് നടന്ന റാലി ഫ്ളാഗ് ഓഫ് ചെയ്തു. റാലിയുടെ സമാപനത്തിൽ സെന്റ് റാഫേൽ കത്തീഡ്രൽ അങ്കണത്തിൽ വി. കുർബ്ബാന അർപ്പിച്ചു സന്ദേശം നൽകി.

**ഡിസംബർ**

2. അരമനയിൽ രൂപതയിലെ എസ്റ്റേറ്റുകളുടെ ചുമതല വഹിക്കുന്ന വൈദികരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

3. മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4. ഫാ. അലക്സാണ്ടർ ഇരവിമംഗലത്തിന്റെ ഏഴാം ചരമദിനം പ്രമാണിച്ച് തൈക്കാട്ടുശ്ശേരി പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു.

- എറണാകുളം അരമനയിൽ മേജർ ആർച്ച് ബിഷപ്പ് വർക്കി കർദ്ദിനാൾ വിതയത്തിലിനെ സന്ദർശിച്ചു.

5. പെരിയനായ്ക്കംപാളയം ഇൻഫന്റ് ജീസസ് സ്കൂളിന്റെ വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

6. പൊൽപ്പുള്ളി സെറാഫിക് നൊവിഷ്യേറ്റ് ഹൗസിൽ നൊവീസസ്സിന് ക്ലാസ്സെടുത്തു.

7. സുളൂർ സെന്റ് തോമസ് ദേവാലയത്തിന്റെ നാൽപ്പതാം ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു.

8. ചേർത്തല കിഴക്കേമുറി പള്ളിയിൽ സഹപാഠിയായ ഫാ. തോമസ് മറ്റത്തിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

- ആലുവ സെനക്കിളിൽ ആരാധനാ സഭയുടെ ശതാബ്ദി ആഘോഷ സമാപന പരിപാടിയിൽ സംബന്ധിച്ചു.

- മാമ്പ്രയിൽ ഫാ. തോമസ് പറമ്പിയുടെ പിതാവിന്റെ മൃതദേഹ

സംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മകത്വം വഹിച്ചു.

9. പാലാരിവട്ടം പി.ഒ.സിയിൽ നടന്ന കേരള ക്രിസ്റ്റ്യൻ ബിഷപ്പ്സ് മീറ്റി ങ്ങിൽ സംബന്ധിച്ചു.

10-11 എറണാകുളം പി.ഒ.സിയിൽ നടന്ന കേരളാ കാത്തലിക് ബിഷപ്സ് കോൺഫറൻസിൽ സംബന്ധിച്ചു.

12. രൂപത നിയമാവലിയുടെ ഡ്രാഫ്റ്റ് സംബന്ധിച്ച ചർച്ചയ്ക്ക് ബിഷപ്സ് ഹൗസിൽ ആദ്ധ്യക്ഷം വഹിച്ചു.

- പാലപ്പുറം സെന്റ് മേരീസ് ഇടവക സന്ദർശിച്ചു.

13. പാസ്റ്ററൽ സെന്ററിൽ രൂപത മാതൃസംഘത്തിന്റെ 2009 പ്രവർത്തനവർഷം ഉദ്ഘാടനം നിർവ്വഹിച്ചു.

- പുതുതായി പണിത പാലപ്പുറം സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു. വി. കുർബ്ബാന അർപ്പിച്ചു.

14. താമരശ്ശേരി അരമനയിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ സന്ദർശിച്ചു.

- തെങ്കര ഡൊമിനിക്കൻ നൊവിഷ്യേറ്റ് ഹൗസിൽ നൊവീസസ്സിന് ക്ലാസ്സെടുത്തു.

16. ബിഷപ്സ് ഹൗസിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

19. ആയുർപാലന ഹോസ്പിറ്റലിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ സംബന്ധിച്ചു.

20. പാസ്റ്ററൽ സെന്ററിൽ നടന്ന രൂപത കാറ്റികിസം കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി. ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ സംബന്ധിച്ചു.

- പാലക്കാട് സ്പെഷ്യൽ ജയിലിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ജീസസ് ഫ്രിട്ടേണിറ്റി സംഘടിപ്പിച്ച ആഘോഷ പരിപാടിയിൽ സന്ദേശം നൽകി.

21. പാലക്കാട് ഹോളിഫാമിലി കൗൺസിലിംഗ് സെന്ററിൽ കൗൺസിലിംഗ് കോഴ്സ് പൂർത്തിയാക്കിയവർക്ക് സന്ദേശം നൽകി. ക്രിസ്തുമസ് ആഘോഷപരിപാടിയിൽ സംബന്ധിച്ചു.

- പാലക്കാട് ടൗൺ ഹാളിൽ പാലക്കാട് പ്രെയർ ഫെലോഷിപ്പ് സംഘടിപ്പിച്ച ഏകദിന ബൈബിൾ കൺവെൻഷന് സന്ദേശം നൽകി.

22. പാലക്കാട് ജില്ലാ ഹോസ്പിറ്റലിൽ സ്നേഹജ്വാല സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ സംബന്ധിച്ച് രോഗികൾക്ക് ക്രിസ്തുമസ് ആശംസകൾ നേർന്നു. പാലന ആശുപത്രിയിലെ ക്രിസ്തുമസ് പരിപാടിയിൽ സംബന്ധിച്ച് സന്ദേശം നൽകി.





23. പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പി. സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ സന്ദേശം നൽകി.

25. ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രലിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബ്ബാന അർപ്പിച്ചു.

26. തൈക്കാട്ടുശ്ശേരി ഇടവകയിൽ ഫാ. ജോസ് പുതിയേടത്തിന്റെ രജതജൂബിലി ആഘോഷപരിപാടിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

27. മണ്ണാർക്കാട് ഡൊമിനിക്കൻ ജനറലേറ്റിൽ ജനറൽ സിനാക്സിസ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ദേവാലയത്തിൽ ഡീക്കൻ ഷിജു ഞാറളംപുഴ (O. Carm)യ്ക്ക് തിരുപ്പട്ടം നൽകി.

28. പോത്തന്നൂർ സെന്റ് കൊത്തിൽഡ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

- പുതുതായി നിർമ്മിച്ച നിരവ് ഹോളിഫാമിലി ഇടവക ദൈവാലയം കൂദാശ ചെയ്തു. വി. കുർബ്ബാന അർപ്പിച്ചു.

29. ത്രിത്വമല ഹോളി ട്രിനിറ്റി ഇടവക ദൈവാലയത്തിൽ ഡീക്കൻ ബിജു മുരിങ്ങേക്കുടിക്ക് വൈദികപട്ടം നൽകി.

- ശാന്തിതടം ശാന്തിനാഥ ഇടവക ദൈവാലയത്തിൽ ഡീക്കൻ സജി വട്ടുകളത്തിന് വൈദികപട്ടം നൽകി.

30 ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

- ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ ഡീക്കൻ സെബി കുണ്ടുകുളത്തിന് വൈദികപട്ടം നൽകി.

- പാസ്റ്ററൽ സെന്ററിൽ സി.എൽ.സി. സംസ്ഥാന പ്രതിനിധികളുടെ സംസ്ഥാന സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil
Published by: Fr. Dominic Aippenparambil
Bishop's House, Palakkad - 678 004.